വിരുദ്ധമായും നീതിക്കു വിരുദ്ധമായുമൊക്കെ ചില ഒറ്റപ്പെട്ട പ്രവൃത്തികൾ കണ്ടേക്കാം. അതൊക്കെ പരിശോധിച്ചു നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്രയേ അക്കാര്യത്തെപ്പറ്റി പറയാനുള്ളൂ. ഈ രാജ്യത്തെ വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്ന ഒരു ഗവൺമെന്റാണിത്. ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി നിരവധി നടപടികൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതിന്റെ ഒരു ഭാഗമാണ് ഈ നടപടിയും. ഇത് ഫലപ്രാപ്തിയിൽകൊണ്ടുവരുന്നതിന് ഈ നിയമം ആവശ്യമാണ്. ഇതു പാസാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട സീതി ഹാജിയോടും മറ്റുള്ള മെംബർമാരോടും താഴ്മയായി അപേക്ഷിക്കുന്നു.

The question that the Kerala General Sales Tax (Amendment) Bill, 1981 be finally passed was put and carried.

The Bill was finally passed.

(ii) 1981-ലെ കേരള വനം (ഭേദഗതി) ബിൽ (ചർച്ചയുടെ തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർ, ഇന്നലെ ഈ ബില്ലിന്റെ ചർച്ചാവേളയിൽ ചില കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നുരണ്ടു കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കാമെന്നു കരുതുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്ലാന്റേഷൻ പണം കണ്ടെത്തുന്നതിനുവേണ്ടി ഒരു ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് ഇന്നലെ ഇവിടെ പറഞ്ഞു. അഞ്ചുശതമാനം ടാക്സ് കൂടുതലായി ഈടാക്കിക്കൊണ്ട് അതിൽ നിന്നു കിട്ടുന്ന ഒന്നരക്കോടി രൂപകൊണ്ട് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കുകയും അതുപയോഗിച്ച് സോഫ്റ്റ്വുഡ് അടക്കമുള്ള പ്ലാന്റേഷൻ നടത്തുന്നതിനും റിസർച്ചിനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിനും പോകുകയാണെന്നു പറഞ്ഞു. സർ, 1978-ൽ വനംവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു ഈ നിയമസഭയിൽ ഒരു ബില്ല് അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ട്. കേരള വനോല്പന്നം (വില്പനവില നിജപ്പെടുത്തൽ) നിയമം ആണ് അത്. വനോല്പന്നങ്ങളുടെ വില നിജപ്പെടുത്തുന്നതിനെക്കുറിച്ച് അതിൽ പറഞ്ഞിട്ടുണ്ട്. മലയാളത്തിൽ കൊണ്ടുവന്ന ബില്ലാണത്. അതിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്നത്, "സംസ്ഥാനത്തെ വനസമ്പത്ത് കഴിയുന്നിടത്തോളം, പരമാവധി സംരക്ഷിക്കുന്നത് ആവശ്യമായിരിക്കുകയാലും; സംസ്ഥാനത്തെ വനങ്ങളുടെ ശരിയായ പുനരുദ്ധാരണവും സംരക്ഷണവും വനോല്പന്നങ്ങൾ ന്യായമായ നിരക്കുകളിൽ വിൽക്കുകയും അതിൽനിന്നു കിട്ടുന്നത് അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യാത്ത പക്ഷം സാധ്യമല്ലാതായിരിക്കുകയാലും; വനത്തിന്റെ നില്നില്പുതന്നെ അതിന്റെ ശരിയായ പുനരുദ്ധാരണത്തെയും സംരക്ഷണത്തെയും ആശ്രയിച്ചിരിക്കുകയാലും; വനോല്പന്നങ്ങൾ പ്രത്യേകിച്ച് മുളയും യൂക്കാലിപ്റ്റസ് പോലെയുള്ള പണിത്തരത്തിനു കൊള്ളാത്ത മരങ്ങളും ഉൾപ്പെടെയുള്ള തടി, ന്യായരഹിതമായി കുറഞ്ഞ നിരക്കുകളിൽ വിറ്റുകൊണ്ടിരിക്കുകയാലും; ചില പ്രധാനപ്പെട്ട വനോല്പന്നങ്ങളുടെ വില്പനവില നിജപ്പെടുത്തുന്നതിലേക്കും അങ്ങനെയുള്ള ഉല്പന്നങ്ങൾ അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിന് ആനുഷംഗികമോ അഥവാ സഹായകമോ ആയ മറ്റു സംഗതികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥചെയ്യുന്നത് വനങ്ങളുടെ പരിരക്ഷയ്ക്ക് ആവശ്യമായിരിക്കുകയാലും;'' എന്നാണ്. അതിൽത്തന്നെ 7–ാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നത് വില്പനവിലയുടെ പത്തുശതമാനം വനവികസനത്തിന് ഉപയോഗപ്പെടുത്തണമെന്നും ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം വനോല്പന്നങ്ങളുടെ വില്പനവഴി ലഭിക്കുന്ന തുകയുടെ പത്തുശതമാനം ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കു വിധേയമായി വനവികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിലേക്ക് പ്രത്യേകം നീക്കിവയ്ക്കേണ്ടതാണ് എന്നാണ്. സർ, ഈ പത്തുശതമാനം എന്നു പറയുന്നത് വേണമെങ്കിൽ ഒരു അമെൻറുമെൻറ് കൊണ്ടുവന്ന് വർദ്ധിപ്പിക്കാൻ ഗവൺമെൻറിനു സാധിക്കും. കാലാകാലങ്ങളിൽ ഗവൺമെൻറ് നോട്ടിഫൈ ചെയ്യുന്ന വിലയനുസരിച്ചാണ് ഉല്പന്നങ്ങൾ വിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ചെയ്തിരിക്കുന്നതെന്തെന്നാൽ ഈ വില്പനവിലക്കു മാറ്റംവരുത്താതെ ഒരു അഡീഷണൽ ടാക്സ് കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ആത്മാർത്ഥമായി മന്ത്രി ഇതിനെ അനുകൂലിക്കുന്നുണ്ടോ? സർ, ഈ പ്രവണത ശരിയല്ല. ഓരോ വകുപ്പിന്റെയും വികസനത്തിനുവേണ്ടി, അതിനു പണംകണ്ടെത്താൻവേണ്ടി ഇങ്ങനെ നികുതികൊണ്ടുവരുന്നതു ശരിയല്ല. നാളെ നമ്മുടെ മരാമത്തുമന്ത്രിക്കു തോന്നും പുതിയ ഒരു നികുതി ഏർപ്പെടുത്തിയാലെന്തെന്ന്. അങ്ങനെ ഓരോ മന്ത്രിമാരും അവരവരുടെ വകുപ്പുകൾ നന്നാക്കാൻവേണ്ടി ഓരോ നികുതിയുമായി വന്നാൽ അതുമൂലം സാധാരണക്കാർക്ക് വളരെയേറെ വൈഷമ്യങ്ങളുണ്ടാകും. ഇതിന്റെ പ്രായോഗികവൈഷമ്യം പാവപ്പെട്ടവനെ വരെ ബാധിക്കും. മാർക്കറ്റ് വില കണക്കാക്കണമെന്ന് വനോല്പന്ന നിയമത്തിനകത്തു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആ നിയമത്തിനു വിധേയമായി വില്പന വില നിജപ്പെടുത്തിയശേഷമാണ് അതിനുംപുറമേ ടാക്സും കൂടിവരുന്നത്. അവസാനമായി ഇതു വന്നുകൊള്ളുന്നത് സാധാരണക്കാരന്റെ മേലായിരിക്കും. കാരണം, തടിമേടിച്ച് എന്തെങ്കിലും ഫർണീച്ചർ ഉണ്ടാക്കുമ്പോൾ സ്വാഭാവികമായി വില കൂടും. വില വർദ്ധനവിനെ സംബന്ധിച്ചും മറ്റും വാതോരാതെ പ്രസംഗിക്കുന്ന അങ്ങേ വശത്തിരിക്കുന്ന ഇടതുപക്ഷജനാധിപത്യ സ്വഭാവമുള്ള ആളുകൾ ഇത്തരം പുതിയ പുതിയ നികുതികൾ ജനങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിനോടു യോജിക്കുന്നുണ്ടോ? അതു ഞങ്ങൾക്കറിയണം. യാതൊരു വനോല്പന്നവും ആ വനോല്പന്നത്തിന്റെ വില്പനവിലയിലും കുറവായ വിലയ്ക്ക് വിൽക്കാൻ ഇടവരരുത് എന്നാണ് സെക്ഷൻ 5–ൽ പറഞ്ഞിരിക്കുന്നത്. സർ, ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു അവതരിപ്പിച്ച ബില്ലിൽ പറഞ്ഞിരിക്കുന്നത് പത്തു ശതമാനം തുക വനവികസനത്തിനുവേണ്ടി നീക്കിവയ്ക്കാമെന്നാണ്. വനവികസനം എന്നതിൽ പ്ലാന്റേഷൻ ഉൾപ്പെടുമോ എന്നെനിക്കറിഞ്ഞുകൂടാ. അതിനുവേണമെങ്കിൽ ഒരു അമൻറുമെൻറ് കൊണ്ടുവരാം. 1961–ലെ ഫോറസ്റ്റ് ആക്ടിന് ഒരു അമൻറുമെൻറ് കൊണ്ടുവന്ന് പുതുതായി ഒരെണ്ണം എഴുതിച്ചേർത്തിട്ട് അവിടെ.....

വനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രൈസ് ഫിക്സേഷൻ ആക്ടിൽ പറഞ്ഞ ആ ഇനം തടികൾക്കുമാത്രമേ ഈ വില വരികയുള്ളൂ. അതിലും കൂടുതൽ തടികൾ സർക്കാർ വെളിയിൽ വിൽക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: മന്ത്രിക്ക് വേണമെങ്കിൽ അമെൻറുമെൻറ് കൊണ്ടുവരാം. സെക്ഷൻ 2–സി–യിൽ കുറെ ഏറെ ഐറ്റംസ് കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. കൂടുതൽ ഫൈറംസ് വേണമെങ്കിൽ ഉൽപ്പാദിപ്പിക്കാം. പത്തു ശതമാനമെന്നുള്ളത് വേണമെങ്കിൽ വർദ്ധിപ്പിക്കാം. അങ്ങനെ വേണം പണം കണ്ടെത്തേണ്ടത്. അങ്ങനെയൊരു നയം സ്വീകരിക്കാതെ ഇങ്ങനെ മൽസരബുദ്ധിയോടുകൂടി പൊതുജനങ്ങളുടെമേൽ നികുതി ചുമത്തിക്കൊണ്ട് മുന്നോട്ടു പോകുന്നത് ഒരിക്കലും ശരിയല്ല സർ. ഞാൻ മന്ത്രിയോട് ചോദിക്കട്ടെ, അങ്ങയ്ക്ക് അങ്ങയുടെ വകുപ്പിൻകീഴിൽ ചെയ്യാവുന്ന കാര്യങ്ങളും പ്രായോഗികമാക്കിയാൽത്തന്നെ കുറെ പണം ഉണ്ടാക്കാൻ സാധിക്കും. വനംകൊള്ള വളരെയേറെ ഉണ്ടെന്നുള്ള ആക്ഷേപം ഇന്നുണ്ട്. ഇപ്പോഴത്തന്നെ ഡിപ്പാർട്ടുമെൻറലായി നടത്തുന്ന വർക്കുകളെ സംബന്ധിച്ച് മന്ത്രിയുടെ അഭിപ്രായം എന്താണ്? അദ്ദേഹത്തിൻെറ ഡിമാൻറുകളെപ്പറ്റി രണ്ടുതവണ മറുപടി പറഞ്ഞപ്പോഴും ഡിപ്പാർട്ടുമെൻറിലുള്ള വർക്കുകളെപ്പറ്റി ആക്ഷേപമുണ്ടെങ്കിൽ നടപടി സ്വീകരിക്കാമെന്നാണ് പറഞ്ഞത്. ഡിപ്പാർട്ടുമെൻറൽ വർക്കുകളിലുണ്ടാകുന്ന ഭീമമായ നഷ്ടം ആര് സഹിക്കും? സ്റ്റേറ്റ് ഡിപ്പാർട്ടുമെൻറിലുള്ളവർതന്നെയാണ് ഉണ്ടാക്കുന്നത്. അവർതന്നെയാണ് വർക്ക് നടത്തുന്നതും. അങ്ങനെയാകുമ്പോൾ സംസ്ഥാനത്തിന് വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടും. കാരണം, വില വർദ്ധിക്കുകയും ചെയ്യുന്നു. ഫോറസ്റ്റിൽനിന്ന് ഗവൺമെൻറിലേക്ക് വരേണ്ട വരുമാനത്തിൽ കാതലായ കുറവും സംഭവിക്കുന്നു.

അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്, അങ്ങ് പല പ്രാവശ്യവും ശ്രമിച്ചതാണ്, നമ്മുടെ സംസ്ഥാനത്തെ വനവുമായി ബന്ധപ്പെട്ട് കോൺട്രാക്റ്റ് കൊടുത്തിരിക്കുന്ന ആളുകളെ സംബന്ധിച്ച് പറയുമ്പോൾ പല കാര്യങ്ങളും മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ഒരു ചെറിയ ഉദാഹരണം പറഞ്ഞാൽ ഒരു ലോഡ് തേക്കിൻകഴ കയറ്റുന്നതിന് രണ്ടായിരം രൂപ ചോദിക്കുന്നു. മന്ത്രി ഇടപെട്ട കേസ്സാണ്. പരിഹാരം ഉണ്ടാക്കാൻ സാധിക്കുന്നില്ല. 38 രൂപ വിലയുണ്ടായിരുന്നപ്പോൾ അന്ന് 13 രൂപപോലും കൊടുക്കാൻ ആളുകൾ തയ്യാറായിരുന്നില്ല. പണിയെടുക്കുന്നവരോട് പറയുമ്പോൾ അവർ പറയും തൊഴിലാളികൾക്ക് കൂലി കൊടുക്കണ്ട എന്നാണോ? തൊഴിലാളികൾക്ക് കൂലി കൊടുക്കണം. അതിൽ അഭിപ്രായവ്യത്യാസമില്ല. ന്യായമായ കൂലി കൊടുക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ തേക്കിൻകഴകൾപോലുള്ള സാധനങ്ങളിൻമേലാണ് നികുതി ചുമത്തുന്നത്. ഫർണിച്ചറിൻമേലല്ല. ഇൻഡയറക്റ്റ് ടാക്സേഷനിൽ വരുമായിരിക്കാം. ഡയറക്റ്റ് ടാക്സേഷൻ അല്ല.

ശ്രീ. ടി. എം. ജേക്കബ്: അതൊരു പുതിയ വ്യാഖ്യാനമാണ്. ഇൻഡയറക്റ്റായി എവിടെവരെ പെന്നെത്തും എന്ന കാര്യം നിങ്ങൾ പരിഗണിക്കുന്നുണ്ടോ? വനോൽപ്പന്നങ്ങൾ വിൽക്കുന്ന പോയിൻറിലാണ് ടാക്സ് ഈടാക്കാൻ ആഗ്രഹിക്കുന്നത്. യാതൊരു സംശയവും ബഹുമാനപ്പെട്ട രാധാകൃഷ്ണനു വേണ്ട. അത് ഇൻഡയറക്റ്റായി വന്നുവീഴുന്നത് നമ്മുടെ സംസ്ഥാനത്തെ ആളുകളിലാണ്. ഞാൻ ഇന്നലെ എക്സ്പ്ലെയിൻ ചെയ്തതാണ്. അതിനെ സംബന്ധിച്ചിടത്തോളം മന്ത്രി എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മന്ത്രി ചില നടപടികൾ സ്വീകരിച്ചിട്ടുപോലും അതിൽ അദ്ദേഹത്തിന് വിജയിക്കാൻ സാധിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെപോലും തുരങ്കം വയ്ക്കുന്ന ഏർപ്പാടാണ് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ ആരുടേയും കുറ്റമല്ല, പ്രധാനപ്പെട്ട കാരണം നിങ്ങളുടെ കൂട്ടത്തിലിരിക്കുന്ന ആളുകളുടെ കുറ്റം തന്നെയാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ച് പറഞ്ഞാൽ വളരെയേറെ പ്രശ്നത്തിൽ ഭരണമുന്നണിക്കകത്തുള്ള ഐക്യമില്ലായ്മ ജനങ്ങളെ ബാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എടുത്ത നടപടി ഫലപ്രദമാകാതെ പോയത്. അതുപോലെ ഇവിടെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ ഇന്ന് സപ്ലൈ കൂപ്പുകളിൽ വലിയ മൽസരം നടക്കുന്നുണ്ട്. മുൻകാലങ്ങളിലായിരുന്നുവെങ്കിൽ സാധാരണയുള്ള റേറ്റിനേക്കാൾ മൂന്നും, നാലും ഒക്കെ ഇരട്ടി വിലയ്ക്കാണ് കോൺട്രാക്റ്റ് കൊടുത്തുകൊണ്ടിരുന്നത്. ഇന്ന് ആരുംക്കാർ തയ്യാറാകുന്നില്ല. അതിന്റെ കാരണം മന്ത്രിക്കറിയാം. സപ്ലൈ കൂപ്പിനെ സംബന്ധിച്ചിടത്തോളം എല്ലാ നിലപാടും സ്വീകരിച്ചിട്ടുണ്ടെന്നാണ് കാണുന്നത്. ഒരു കാര്യം മനസ്സിലാക്കാൻ സാധിക്കുന്നത് മന്ത്രി സ്വീകരിക്കുന്ന ഒരു നടപടിയും ഫലപ്രദമായി ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുന്നില്ല. അതിന്റെ മൂലകാരണം എന്താണെന്ന് മന്ത്രി കണ്ടുപിടിക്കേണ്ടതായുണ്ട്. നമ്മുടെ കക്കി ഡാമിന്റെ അടുത്ത് കുറെ തടി കൊണ്ടുപോകേണ്ട പ്രശ്നം വന്നു. ബഹുമാനപ്പെട്ട മന്ത്രി പുതിയ വരുമാനങ്ങൾ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളാണ് കണ്ടുപിടിക്കുന്നത്. ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അനിശ്ചിതത്വം ഉണ്ടാകാതെ മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. അവിടെ ഒരു നിശ്ചിത കാലയളവിൽ ഒരു വർഷത്തേക്കാണെന്ന് പറഞ്ഞാണ് കൊടുത്തിരുന്നത്. അത് ഇന്ന് പല വർഷങ്ങൾ നീട്ടി. ഇപ്പോൾ മനസ്സിലാകുന്നത് വീണ്ടും ഒരു വർഷത്തേക്കുകൂടി നീട്ടി കൊടുത്തു എന്നാണ്. കോടിക്കണക്കിന് രൂപയുടെ നഷ്ടം അതുവഴി ഈ സംസ്ഥാന ഗവൺമെന്റിന് ഉണ്ടായില്ലേ; എന്തുകൊണ്ടിത് പരിഹരിക്കാൻ സാധിക്കുന്നില്ല. മന്ത്രി പറഞ്ഞത് 5 ശതമാനം ടാക്സ് ഇൗടാക്കിയാൽ ഒന്നരക്കോടി രൂപ ജനങ്ങളിൽനിന്നും ഇൗടാക്കാമെന്നാണ്, ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. അതിന് പ്രത്യേക സംവിധാനം ഉണ്ടാക്കാനും മിനക്കെടേണ്ട. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നടപടി സ്വീകരിച്ചാൽ മതി.

അതുപോലെതന്നെ കൂപ്പ് മേൽ ലാഭത്തിന് കൊടുക്കുന്ന ഏർപ്പാടുണ്ട്. അത് നിർത്തലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നിർത്തലാക്കിയിട്ടുണ്ടോ? അതുവഴി നമ്മുടെ സംസ്ഥാനത്തിന് വളരെ ഭാരിച്ച നിലയിലുള്ള നഷ്ടം ഉണ്ടാകുന്നുണ്ട്. പിന്നെ ഒരു കോൺട്രാക്റ്റ് പോകുമ്പോൾ ടോപ്പൽ സിസ്റ്റം എന്ന ഒരു ഏർപ്പാടുണ്ട്. അതിനെ സംബന്ധിച്ചും നിലപാട് സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. അതിൻമേൽ നിലപാട് സ്വീകരിക്കാത്തതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. എത്ര രൂപയുടെ നഷ്ടം അതിൻമേൽ ഉണ്ടാകുന്നുണ്ട്. നമ്മുടെ നിലവിലുള്ള പ്ലാന്റേഷൻ ഫലപ്രദമായി മെയിന്റെയിൻ ചെയ്യുന്നുണ്ടോ? കാട് വെട്ടുന്ന കാര്യത്തെക്കുറിച്ച് ഡിപ്പാർട്ടുമെന്റാണ് ചെയ്യുന്നത്. കാട് വെട്ടുന്നില്ലെന്നതുപോകട്ടെ, പ്ലാന്റ് ചെയ്തിരിക്കുന്ന തേക്ക് ആണെങ്കിലും ശരി, യൂക്കാലി ആണെങ്കിലും ശരി ഏത് പ്ലാന്റ് ചെയ്താലും അതിനെക്കാൾ ഉയരത്തിലാണ് മറ്റു ചെടികൾ വളർന്നു നിൽക്കുന്നത്. ഡിപ്പാർട്ടുമെന്റ് ആയതുകൊണ്ടാണ് നടപടി എടുക്കാത്തത്, ആ സ്ഥലത്ത് പ്രൈവറ്റ് പാർട്ടിയെയാണ് ഏൽപ്പിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിൽ ഫലപ്രദമായി ചെയ്യുന്നില്ലെങ്കിൽ നടപടി സ്വീകരിക്കാൻ സാധിക്കുമായിരുന്നു. അല്ലെങ്കിൽ അവരുടെ കെട്ടിവയ്ക്കുന്ന പണത്തിൽ നിന്നും ഈടാക്കാനെങ്കിലും സാധിക്കുമായിരുന്നു. ഇടുക്കി ജില്ലയിൽ കുടിയേറ്റ പ്രദേശങ്ങളിൽ നടത്തുന്ന കൂപ്പുകളെ സംബന്ധിച്ചിടത്തോളം പെട്ടിമാറുന്ന കാര്യത്തിൽ എന്ത് നിലപാട് സ്വീകരിച്ചു സർ. ഇന്നും തേക്ക്, ഈട്ടി തുടങ്ങിയ കോടിക്കണക്കിന് രൂപയുടെ തടി അവിടെ കിടക്കുകയല്ലേ. ക്യൂബിക് മീറ്ററിന് ഇത്രയെന്ന് റേറ്റ് ഫിക്സ് ചെയ്തു. സൗകര്യമുള്ളവർ ഇറക്കിക്കൊണ്ടുപോകും, അതിനുള്ള സൗകര്യം കൊടുത്തു. വാസ്തവത്തിൽ ഫലപ്രദമായ നടപടികളും സ്വീകരിക്കാതെ വന്നതുകൊണ്ട് എന്തുമാത്രം ബുദ്ധിമുട്ട് അവിടെയുള്ള ആളുകളും അനുഭവിക്കുന്നു. തേക്ക്, ഈട്ടി മുതലായ തടികളിൻമേൽ കോടിക്കണക്കിനുള്ള നഷ്ടം സംസ്ഥാന ഗവൺമെൻറിനുണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ നടപടി സ്വീകരിക്കാതെ പെറുതെ എന്തിനാണ് ഈ ടാക്സ് ഈടാക്കാനുള്ള നടപടിയുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ട് പോകുന്നത്. ഇതും ശരിയായ നടപടി അല്ല. പ്ലാൻേറഷനെ സംബന്ധിച്ചിടത്തോളം.....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, നികുതിയില്ലാത്ത രാജ്യങ്ങളുണ്ട്, അത്തരം നികുതിയില്ലാത്ത സമ്പ്രദായം കെട്ടിപ്പടുക്കാൻവേണ്ടിയാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. പി. സീതി ഹാജി: അടുത്ത ദിവസം ബഹുമാനപ്പെട്ട കുറുപ്പ് ഇപ്പുറത്ത് വരും. അപ്പോൾ പറയാം.

ശ്രീ. ടി. എം. ജേക്കബ്: ചക്ക് എന്ന് പറയുമ്പോൾ കൊക്ക് എന്ന് പറഞ്ഞിട്ട് കാര്യമില്ല. ഞാൻ പറഞ്ഞത് നികുതി വേണ്ടെന്നല്ല, നികുതിയില്ലാതെ ഇവിടെ ഭരിക്കാൻ സാദ്ധ്യമല്ല. നിങ്ങളുടെ മന്ത്രി കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ അഞ്ച് ശതമാനം ടാക്സുണ്ട്. ആ ടാക്സ് ഒരു പ്രത്യേക കാര്യത്തിനുവേണ്ടിയാണെന്ന് പറഞ്ഞിരുന്നു. ഞാൻ പറയുന്നത് ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന പല കാര്യങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയാൽ ഇതിനേക്കാൾ കൂടുതൽ പണം സംഭരിക്കാൻ സാധിക്കുമെന്നാണ്.

ശ്രീ. പി. ആർ. ശിവൻ: ടാക്സേഷനെ സംബന്ധിച്ച് പൊതുവായി മാറിയ സമീപനം സ്വീകരിക്കാൻ പറ്റുമോ? രാസവളങ്ങൾ, പെട്രോളിയം ഉൽപ്പന്നങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ടാക്സേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്? 5 പെർസൻറ് ആണെന്ന് പറഞ്ഞപ്പോൾ ശക്തിയായി എതിർത്തു.

ശ്രീ. ടി. എം. ജേക്കബ്: ഞങ്ങൾക്ക് ആ കാര്യത്തിലൊക്കെ അഭിപ്രായമുണ്ട്. മനുഷ്യനെ ബാധിക്കുന്ന പ്രശ്നത്തിൻമേൽ അമിതമായ ടാക്സ് ഈടാക്കുന്നത് ശരിയല്ല. അതിന് ഒരു സംശയവുമില്ല. സെൻട്രൽ ഗവൺമെൻറ് ആണെങ്കിലും ശരി, സ്റ്റേറ്റ് ഗവൺമെൻറ് ആണെങ്കിലും ശരി അവരുടെ സൗകര്യപ്രകാരം കുറെ ടാക്സുകൾ കൊണ്ടുവരും. അതിൻെറ ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. കേന്ദ്രത്തിൽ ഭരിക്കുന്ന കക്ഷിയുമായി ഒരുമിച്ച് മുന്നണി സംവിധാനത്തിലിരിക്കുന്നതുകൊണ്ടുമാത്രം ഞങ്ങൾക്ക് അഭിപ്രായം പറയാൻ പാടില്ല എന്നില്ല. ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കേണ്ട വേദിയിൽ പ്രകടിപ്പിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ശിവൻ: അങ്ങനെ പ്രകടിപ്പിക്കുന്നത് ഏത് വേദിയിലാണെങ്കിലും മലയാള പത്രങ്ങളും വായിക്കുന്ന ഞങ്ങൾക്ക് അത് ബോദ്ധ്യം വന്നിട്ടില്ല. തൊഴിലാളികളുടെ പ്രക്ഷോഭണ സമരങ്ങളും വരുമ്പോൾ അത് തടയാൻ നിയമം കൊണ്ടുവന്നപ്പോൾ രണ്ടുകയ്യും കാലും പൊക്കി സ്വാഗതംചെയ്യുന്ന ആളാണ് ജേക്കബ്. പിന്നെ എങ്ങനെയാണ് എതിർക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: രണ്ടുകൈയ്യും കാലും പൊക്കാൻ ഞാൻ പാർലമെന്ററിലല്ലല്ലോ. നിയമസഭയിലല്ലേ ഇരിക്കുന്നത്.

ശ്രീ. പി. ആർ. ശിവൻ: ആ നിയമത്തെ ന്യായീകരിക്കാൻ പാടില്ലല്ലോ?

ശ്രീ ടി. എം. ജേക്കബ്: സ്വന്തംകണ്ണിൽ കോല് വച്ചിട്ട് മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ എന്തിനാണ് പോകുന്നത്. നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ നിങ്ങൾ ചെയ്യു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി പിൻവലിക്കുന്ന കാര്യം ആവർത്തിച്ച് പറയുന്നു. ഫോറസ്റ്റ് മിനിസ്റ്റർ കൊണ്ടുവന്നിരിക്കുന്ന നികുതി പിൻവലിക്കാമോ എന്ന് ചോദിച്ചപ്പോൾ പിൻവലിക്കുന്നില്ല. ശ്രീ. ശിവൻ പറഞ്ഞത് കേട്ടപ്പോഴാണ് ഒരു കാര്യം ബോദ്ധ്യപ്പെട്ടത്. കേന്ദ്ര ഗവൺമെന്റ് എവിടെയെങ്കിലും അൽപ്പം നികുതി കൂട്ടിയെന്ന് കണ്ടാൽ അതിന്റെ ഇരട്ടി നികുതി ഇവിടെ കൂട്ടുന്നതിനുള്ള സംവിധാനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന്.

ശ്രീ. പി. ആർ. ശിവൻ: അങ്ങനെ സെൽഫ് കൺക്ലൂഷനൊന്നും വേണ്ട. അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ആ നികുതി നയം ന്യായീകരിക്കാൻ ശ്രമിക്കുകയാണോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറയാനുള്ളത് ഭംഗിയായി ആണ് പറഞ്ഞത്. ശിവനും, മന്ത്രിക്കും ഒക്കെ മനസ്സിലാകുന്ന ഭാഷയിൽ. ശിവന്റെ ഈ സമീപനം ബഹുമാനപ്പെട്ട മന്ത്രിക്ക് കാണുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ പറഞ്ഞുവന്നത് പ്ലാന്റേഷനെ പറ്റിയാണ്. നമ്മുടെ സംസ്ഥാനത്ത് 23,000-ത്തോളം ഹെക്ടറിലാണ് സോഫ്റ്റ്വുഡ് പ്ലാന്റുചെയ്തിരിക്കുന്നതെന്നാണ് മനസ്സിലാകുന്നത്. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പ്ലാന്റേഷൻതന്നെ ഫലപ്രദമായി കൈകാര്യംചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിച്ചാൽ കൊള്ളാം. അതുപോലെ റിസർച്ചിന്റെ കാര്യം. ഇന്നു പീച്ചിയിൽ പ്രവർത്തിക്കുന്ന റിസർച്ച് സെന്റർ ഡവലപ്പ് ചെയ്യാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സാമ്പത്തിക പരാധീനത മാത്രമായിരുന്നോ അതിനു കാരണം? ആണെന്ന് എനിക്കഭിപ്രായമില്ല. ഈ ഗവൺമെന്റിന്റെ മാത്രം കുറ്റമാണെന്നും എനിക്കഭിപ്രായമില്ല. ഫോറസ്റ്റിന്റെ കാര്യത്തിൽ മാത്രമല്ല റിസർച്ച് വികസിക്കേണ്ടത്. വളർന്നുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രമെന്ന നിലയിൽ അതിലും കൊണ്ടിട്ടുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ മറ്റുവിഷയങ്ങളിലും റിസർച്ചിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടികളെടുക്കുന്നതിനു മുൻഗണന കൊടുക്കണം. അത് ഇതുവരെ ചെയ്തിട്ടില്ല. പീച്ചിയിൽ പ്രവർത്തിക്കുന്ന റിസർച്ച് സെന്റർ സുഗമമായി മുന്നോട്ടു പോകാത്തതിന് സാമ്പത്തിക പ്രതിസന്ധി ഒരു കാരണമെന്നു മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ കഴിയൂ; മറ്റു പല കാരണങ്ങളും ഉള്ളതുകൊണ്ട് അതു ഫല പ്രദമായി പ്രവർത്തിക്കുന്നില്ല. അവിടെ ആവശ്യമുള്ള ആളുകളെ ഉൾക്കൊ ള്ളിക്കാൻ സാധിച്ചിട്ടില്ല. ഈ മന്ത്രിയുടെയോ ഈ ഗവൺമെന്റിന്റെയോ മാത്രം തെറ്റാണെന്നു ഞാൻ പറയുന്നില്ല. മുൻകാലങ്ങളിലും ഇങ്ങനെ യാണ് ഉണ്ടായിട്ടുള്ളത്.

ഞാൻ ഇന്നലെ ഇവിടെ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയെക്കുറിച്ചു പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി യുമായി മുപ്പത് വർഷത്തേക്ക് ഒരു ദീർഘകാല കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. അതനുസരിച്ച് ഗവൺമെന്റ് പ്രതിവർഷം ഒന്നരലക്ഷം ടൺ റാമെറ്റീരി യൽസ്, യൂക്കാലിപ്റ്റസ് മരമായാലും ഈറയായാലും അവർക്ക് കൊടു ക്കാമെന്നു പറയുന്നുണ്ട്. ഇതു കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്; വെള്ളൂരിൽ നവമ്പർ മാസത്തിൽ ന്യൂസ് പ്രിന്റിന്റെ പ്രൊഡക്ഷനാരംഭിക്കും. അത് എവിടെ നിന്നാണ്? ഇംപോർട്ടുചെയ്ത പൾപ്പുവച്ചാണ് പ്രൊഡക്ഷനാരംഭിക്കുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: വാർത്ത മുഴുവൻ, ബഹുമാനപ്പെട്ട ജേക്കബ് വായിച്ചോ?

<u>ശ്രീ. ടി. എം. ജേക്കബ്</u>: പത്രം എന്റെ കൈയിലുണ്ട്; ഗവൺ മെന്റിനെപ്പറ്റി യാതൊരു കാര്യവും അതിൽ പറഞ്ഞിട്ടില്ല. ''....ഇറക്കു മതിചെയ്ത പൾപ്പുപയോഗിച്ചായിരിക്കും ആദ്യത്തെ മൂന്നുമാസം മിൽ പ്രവർത്തിക്കുക. ഏഴായിരം ടൺ മെക്കാനിക്കൽ പൾപ്പും മൂവായിരം ടൺ കെമിക്കൽ പൾപ്പും അധികം വൈകാതെ വിദേശത്തുനിന്നെത്തും.'' നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഈ കാര്യം അന്വേഷിച്ചിട്ടുണ്ടോ? ഇതിന്റെ പ്രൊഡക്ഷൻ നവമ്പർ മാസത്തിൽ തുടങ്ങുന്നുവെന്നിരിക്കട്ടെ അടുത്ത അഞ്ചുവർഷക്കാലത്തേക്കുപോലും സപ്ലൈചെയ്യാനുള്ള റാമെറ്റീ രിയൽസ് ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്ത് ഇല്ല. ഇതിനകത്ത് മറ്റൊരു പ്രശ്നമുണ്ടായി. വനോൽപന്നങ്ങളുടെ വിൽപ്പനവില നിജപ്പെടു ത്തിയിട്ട് 6-ാം വകുപ്പിൽ ഒരു എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. അതി നകത്തു പറയുന്നത് ഇങ്ങനെയാണ്. ''സർക്കാരിനു പൊതു താൽപര്യാർത്ഥം ഗസറ്റ് വിജ്ഞാപനംവഴി, കേന്ദ്രസർക്കാരിന്റെയോ കേരള സർക്കാരിന്റെയോ ഉടമയിലുള്ള ഏതെങ്കിലും കമ്പനിക്കോ, 1969-ലെ കേരള സഹകരണസംഘം ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്)-ന്റെ കീഴിൽ രജിസ്റ്റർചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടു ന്നതോ ആയ ഏതെങ്കിലും സഹകരണ സംഘത്തിനു 10 ഘനമീറ്ററിൽ കവിയാതെയോ ഉള്ള വനോൽപന്നങ്ങളുടെ വിൽപ്പനയെ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉപാധികൾക്കും പരിധികൾക്കും വിധേയമായി 5-ാം വകുപ്പിന്റെ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കാവു ന്നതാണ്''. ഇങ്ങനെ നിങ്ങൾ വെള്ളൂർ ന്യൂസ് പ്രിന്റ് ഫ്രാക്ടറിയുടെ കാര്യത്തിൽ ഒരു ഒഴിവ് കൽപ്പിച്ചുകൊടുത്തു. നമ്മൾ ഉദ്ദേശിച്ചത് അതാണല്ലോ. കേന്ദ്രഗവൺമെന്റിന്റെ ഒരു പൊതുമേഖലാ സ്ഥാപ നമാണത്. അതിന് നമ്മൾ നിശ്ചയിച്ചിട്ടുള്ള റോയൽറ്റിയുണ്ട്. ഈറയ്ക്ക് ഒരു ടണ്ണിന് 11 രൂപ; യൂക്കാലിപ്റ്റസിന് ടണ്ണിന് 12 രൂപ. ഇങ്ങനെ നിശ്ചയിച്ചുകൊടുത്തത് ഇതിനെ പ്രോൽസാഹിപ്പിക്കാനാണ്. സർ, നമ്മുടെ ഈ കേരള വനോൽപന്ന വിൽപന വില നിജപ്പെടുത്തലിനെ ചോദ്യംചെയ്തുകൊണ്ട് ഗാളിയോർ റയോൺസുകാരും പുനലൂർ പേപ്പർ മില്ലുകാരും ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ 6 വിവേചനപരമാണെന്ന്. ഈ ആനുകൂല്യം പൊതുമേഖലാ സംരംഭങ്ങൾക്കുമാത്രം കൊടുത്താൽ പോരെന്നും. ഗവാളിയോർ റയോൺസും പുനലൂർ പേപ്പർമില്ലും ഒക്കെ വളരെ നിസ്സാരമായ തുകയ്ക്ക് വളരെ വർഷമായി ഈ റാമെറീരിയൽസ് സംഭരിച്ചുകൊണ്ടിരിക്കുന്നതിനു നിയന്ത്രണമേർപ്പെടുത്താനും സർക്കാരിനു കൂടുതൽ വരുമാനമാർഗ്ഗം കണ്ടെത്താനുമാണ് കഴിഞ്ഞകാലത്തെ ഐക്യകക്ഷി ഗവൺമെൻറ് ഇവിടെ ഈ നിയമം പാസാക്കിയത്. അതിനെ ചോദ്യംചെയ്തുകൊണ്ട് നമ്മുടെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ വന്നപ്പോൾ നമ്മുടെ അഡ്വക്കേറ്റ് ജനറൽ എന്തു സമീപനം സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചിട്ടുണ്ടോ? ഞാൻ മനസ്സിലാക്കിയിടത്തോളം, വളരെ നിരുത്തരവാദപരമായി അഡ്വക്കേറ്റ് ജനറൽ പെരുമാറി. ഈ റിട്ട് ഒരു സ്വകാര്യവ്യക്തി കൊടുത്തപ്പോൾ ഭരണഘടനാപരമായി നമുക്ക് ഇങ്ങനെയൊരു നിയമമുണ്ടാക്കാനുള്ള അവകാശമുണ്ടല്ലോ, അതിനെ ഉയർത്തിക്കാണിച്ച് നിയമത്തെ ഡിഫെൻഡ് ചെയ്യാൻ ഉത്തരവാദപ്പെട്ട അഡ്വക്കേറ്റ് ജനറൽ വളരെ നിരുത്തരവാദപരമായി പെരുമാറി എന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെയൊരു നിരുത്തരവാദപരമായ പെരുമാറ്റം അഡ്വക്കേറ്റ് ജനറലിന്റെ ഭാഗത്തുനിന്നുണ്ടായത് വളരെ ഗൗരവമുള്ള ഒരു കാര്യമായി എടുക്കണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ സഭയിൽവന്നു മറുപടി പറയാൻ പാടില്ലാത്ത ഒരാളെ സംബന്ധിച്ച് ഇത്തരം ഗൗരവമുള്ള ആരോപണമുന്നയിക്കുന്നത് ആർഡറിലാണോ, സർ?

ശ്രീ. ടി. എം. ജേക്കബ്: ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പറയാറുണ്ട്. അദ്ദേഹം സർക്കാരിന്റെ കീഴിൽ വരുന്ന ഒരു ജീവനക്കാരൻ തന്നെയാണ്. അഡ്വക്കേറ്റ് ജനറലിനെക്കുറിച്ച് ഇങ്ങനെയൊരു സംഗതിയുണ്ടായിട്ടുണ്ട്; അത് ഞാൻ ഇവിടെയല്ലാതെ പിന്നെ എവിടെപ്പറയും സർ? ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഇങ്ങനെയൊരു സമീപനമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ആ റിട്ട് സ്വകാര്യവ്യക്തിക്കനുകൂലമായി വിധിച്ചു. സർ, അതിനെതിരായി സുപ്രീംകോടതിയിൽ അപ്പീൽപോയി. ഇപ്പോൾ ഒരു സ്റേ വാങ്ങിയിരിക്കുകയാണ്.

ശ്രീ. എ. സി. ജോസ്: അഡ്വക്കേറ്റ് ജനറൽ സർക്കാർ ജീവനക്കാരനല്ല.

ശ്രീ. ടി. എം. ജേക്കബ്: സർക്കാർ ജീവനക്കാരനല്ലെങ്കിൽ, സർക്കാരിന്റെ നിയന്ത്രണത്തിലാണ് അദ്ദേഹം.

ശ്രീ. പി. സീതി ഹാജി: ഇങ്ങനെയുള്ള നിയമനിർമ്മാണം നടക്കുമ്പോൾ, സഭയിൽ അഡ്വക്കേറ്റ് ജനറലിന് പ്രത്യേകം സീറ്റുള്ള സ്ഥിതിക്ക് അദ്ദേഹത്തെ ഇവിടെ ഇരുത്തിയാൽ പോരേ? അതു ഗവൺമെൻറുഭാഗത്തുനിന്നു ചെയ്യേണ്ടതല്ലേ?

ശ്രീ. ടി. എം. ജേക്കബ്: അല്ല, ഇതിൽ കുഴപ്പമൊന്നുമില്ല, ഇവിടത്തന്നെ ബഹുമാനപ്പെട്ട ജോസിനറിയാവുന്നതുപോലെ, ഇത്തരം പരാമർശങ്ങളുണ്ടായിട്ടുണ്ട്. ഇത് നമുക്ക് ഇക്കാര്യം പറയാവുന്ന വേദിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഞാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനു് എതിരുപറയുകയായിരുന്നില്ല, ഗവൺമെൻറാഫീസാണെന്നു പറഞ്ഞതിനെക്കുറിച്ചുമാത്രം പറഞ്ഞുവെന്നേയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെൻറിൻെറ കാര്യങ്ങൾ ചെയ്യാൻ വേണ്ടി ഇരിക്കുന്ന ആൾതന്നെയാണല്ലോ. അങ്ങനെ വേണമെങ്കിലും നമുക്കു് വ്യാഖ്യാനം സ്വീകരിക്കാം. ഏതായാലും ഗവൺമെൻറു് ഒരു നിയമം പാസാക്കി. ആ നിയമത്തെ ഡിഫെൻഡ് ചെയ്യാനുള്ള ധാർമ്മികമായ ചുമതല അഡ്വക്കേറ്റ് ജനറലിനുണ്ടു്. അതിനോടു് ശ്രീ. ജോസും യോജിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. സ്വാഭാവികമായും ഒരു പ്രശ്നമുണ്ടായാൽ അദ്ദേഹത്തിനു് മറ്റു് അഭിഭാഷകരുടെ സേവനം വിട്ടുകൊടുക്കാൻ പറഞ്ഞാൽ ഗവൺമെൻറു് വിട്ടുകൊടുക്കുകയും ചെയ്യും. വളരെ വ്യക്തമായി പറയാൻ സാധിക്കുന്ന കാര്യമാണു്; ഇങ്ങനെയൊരാക്ഷേപമുണ്ടായി. പത്രങ്ങളിൽ വന്നതാണു്. എന്തു നടപടി സ്വീകരിച്ചു? അപ്പീൽപോയി സുപ്രീം കോടതിയിൽനിന്നു് ഇപ്പോൾ സ്റ്റേ വാങ്ങിയിരിക്കുകയാണു്. ഇതിൽനിന്നൊക്കെ ചൂണ്ടിക്കാണിക്കാനാ ഗ്രഹിക്കുന്നതു് എന്താണെന്നുവച്ചാൽ, നമ്മുടെ സംസ്ഥാനത്തു് ഗവൺമെൻറു് എന്തെങ്കിലും കാര്യം ചെയ്യണമെന്നാഗ്രഹിച്ചു മുന്നോട്ടുപോയാലും അതിനെയും തുരങ്കംവക്കുന്ന ആളുകളാണു് നിങ്ങളുടെ കൂടെയിരിക്കുന്നതു്.

ഞാൻ ചൂരുക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിയോടു് പറയാനുള്ളതു്, ഇങ്ങനെ പുതിയ നികുതി ഏർപ്പെടുത്തി ആളുകളെ വലക്കാൻ നോക്കരുതു്. അതു് ശരിയല്ല. നമുക്കു് മറ്റു് മാർഗ്ഗങ്ങൾ കണ്ടെത്താൻ അനവധിയുണ്ടു് സർ. ഒരു ചൊല്ലു് ഇപ്പോൾ ഉണ്ടു്, കെട്ടിക്കാറായ പെണ്ണിനുവരെ നികുതി ഈടാക്കുമെന്നുള്ള സ്ഥിതിയിലേക്കു് നമ്മൾ എത്തിയിരിക്കുന്നു. ഈ പോക്ക പോയാൽ ആ ഒരു നികുതിയുംകൂടി കാലതാമസംകൂടാതെ വന്നു് ഈ ജനങ്ങളുടെമേൽ പതിക്കുമെന്നുള്ള ഭയം ഞങ്ങൾക്കുണ്ടു്. നിങ്ങൾക്കു് ഓരോരുത്തർക്കും നിങ്ങളുടെ വകുപ്പുവികസിപ്പിക്കാൻവേണ്ടി എല്ലാവരും ഇങ്ങനെ നികുതി നികുതി എന്നു പറഞ്ഞുകൊണ്ടു് വരരുതു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു് പ്രത്യേകം ശ്രദ്ധിക്കണം. മന്ത്രിസഭയുടെ തലവനാണു്. മന്ത്രിമാരിങ്ങനെ നികുതിയുമായി വരുന്നു. ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യംകൂടി ഒന്നു ശ്രദ്ധിക്കണം. എന്നിട്ടു് ഈ ബിൽ പിൻവലിച്ചുകൊണ്ടു്, ഇപ്പോൾത്തന്നെ ഫാറസ്റ്റിൽനിന്നു ലഭിക്കാവുന്ന പണം കൂടുതൽ ലഭ്യമാക്കിക്കൊണ്ടു് വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം.

ശ്രീ. ഇ. കെ. നായനാർ: നികുതിയില്ലാത്ത വ്യവസ്ഥിതിയാണോ ബഹുമാനപ്പെട്ട ജേക്കബിൻെറ വീക്ഷണത്തിലുള്ളതു്?

ശ്രീ. ടി. എം. ജേക്കബ്: അയ്യോ ഞാനങ്ങനെ പറഞ്ഞില്ല.

ശ്രീ. ഇ. കെ. നായനാർ: ജേക്കബിൻെറ വീക്ഷണം നികുതിയില്ലാത്ത ഒന്നായിരിക്കും. എന്നാൽ ഇപ്പോൾ ഇവിടത്തെ വ്യവസ്ഥ നികുതിയുടെ വ്യവസ്ഥയാണു്.

ശ്രീ. ടി. എം. ജേക്കബ്: അല്ല, നികുതിയുള്ള സാമൂഹ്യവ്യവസ്ഥതന്നെയാണു് ഞാനും വിഭാവനചെയ്യുന്നതു്. പക്ഷേ ഓരോ വകുപ്പുകാരും ഇങ്ങനെ ചെയ്താൽ തെറ്റാ മുഖ്യമന്ത്രി, അതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: നിങ്ങളം വിഭാവനചെയ്യുന്ന നികുതി യില്ലാത്ത സാമൂഹ്യ വ്യവസ്ഥ എന്താണ്?

ശ്രീ. ടി. എം. ജേക്കബ്: എന്നു ഞാൻ പറഞ്ഞില്ലല്ലോ. നികുതി യില്ലാത്ത സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് ഞാൻ മിണ്ടിയില്ല. ഞാൻ പറഞ്ഞത് ഇങ്ങനെ ഓരോ വകുപ്പിലും തൊട്ടതിനുതൊട്ടതിനു നികുതി കൊണ്ടുവരുന്നത് ശരിയല്ലെന്നാണ്; ആ സാമൂഹ്യവ്യവസ്ഥിതി മോശമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൂടാതെ പതിനാറു മന്ത്രി മാരുണ്ട്. ഈ പതിനാറുമന്ത്രിമാർക്കും വകുപ്പുകളുമുണ്ട്. പ്രധാനപ്പെട്ട വകുപ്പില്ലാത്ത മന്ത്രിമാർക്കും ചില വകുപ്പുകളം ഉണ്ട്. ഓരോരുത്തരും അഡീഷണലായി നികുതി കൊണ്ടുവന്നു ഫണ്ടുസംഭരിക്കാൻ നോക്കിയാൽ നമ്മളൊക്കെ വെള്ളത്തിലാവും. ഇതു കഴിഞ്ഞാൽ മുഖ്യമന്ത്രിയെന്ന നില കഴിഞ്ഞിട്ട് സഖാവ് ഇ. കെ. നായനാർക്ക് പ്രസംഗിക്കാനുള്ളതാണ്; അപ്പോഴം കുഴപ്പമാണ്. അത്രമാത്രമേ പറയുന്നുള്ളു.

ശ്രീ. ഇ. കെ. നായനാർ: ഏറവും അധികം നികുതി കൂട്ടുന്ന കക്ഷി യുടെ കൂടെ ഇരിക്കുന്നതുതന്നെ ശ്രീ. ജേക്കബ്ബിന് മോശമാണ്. തലയ്ക്കും നട്ടെല്ലിനുമൊക്കെയായി നികുതി മൂവായിരത്തിനാനൂറ് കോടിയോളം കയറിയ ഒരു കക്ഷിയുടെ കൂടെയല്ലേ ഇരിക്കുന്നത്? അതു തന്നെ ഒന്നു മാറിയിരുന്നാൽ കൊള്ളാമായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഞാനതിനെക്കുറിച്ചൊക്കെ അഭിപ്രായം പറഞ്ഞല്ലോ മുഖ്യമന്ത്രി കേൾക്കാഞ്ഞതാണ്. നികുതി കൂട്ടുന്നതിനെപ്പറ്റിയൊക്കെ ഞങ്ങൾക്കും അഭിപ്രായമുണ്ട്, പുരോഗമനസ്വഭാവമുൾക്കൊള്ളുന്ന ഗവൺമെൻറല്ലേ നിങ്ങൾ?. കോൺഗ്രസ് (ഐ)-യെ സംബന്ധിച്ച് പിൻതിരിപ്പൻ കക്ഷിയെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങളുടെ വീക്ഷണത്തിൽ നിങ്ങൾ പുരോഗമനസ്വഭാവമുൾക്കൊള്ളുന്ന ഗവൺമെൻറും കക്ഷികളും ആണ്. അതുകൊണ്ട് ആ പുരോഗമനസ്വഭാവം കാണിക്കണം.

ശ്രീ. എം. വി. രാഘവൻ: ഞങ്ങൾ പുരോഗമന സ്വഭാവമുള്ളവരാ ണെന്ന് അംഗീകരിക്കുന്നോ?

ശ്രീ. ടി. എം. ജേക്കബ്: നിങ്ങൾക്കൊരു പുരോഗമനവുമില്ല ആശയ വുമില്ല എന്ന് ഞങ്ങൾക്ക് മനസ്സിലായി. നിങ്ങൾ അവസരവാദിക ളാണെന്ന് ഇതിനോടകം ഈ രാജ്യത്ത് തെളിയിച്ചു കഴിഞ്ഞു. അതിന്റെ ഫലമാണല്ലോ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മാർക്സിസ്റ്റ് കമ്മ്യൂ ണിസ്റ്റ് പാർട്ടി സാധാരണ പുരോഗമനം പ്രസംഗിക്കുകയല്ലാതെ പ്രാവർത്തികമാക്കുകയില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ?

ശ്രീ. ടി. എം. ജേക്കബ്: അതുതന്നെയാണ് പറഞ്ഞത്. ആസാമിലു മൊക്കെ സ്വീകരിച്ച നിലപാട് ബഹുമാനപ്പെട്ട എം. വി. ആറിനും അറിയാ മല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. വി. രാഘവൻ: ശ്രീ. ടി. എം. ജേക്കബ്ബിന്റേയും രാമചന്ദ്രൻ മാസ്റ്ററുടേയുമൊന്നും പുരോഗമന സർട്ടിഫിക്കറ്റ് വാങ്ങിക്കാൻ ഞങ്ങടെ തയ്യാറായിട്ടില്ല. അത്രത്തോളം ഗതികേട് വേറെ ഒന്നുമില്ല.

ശ്രീ. ടി. എം. ജേക്കബ്: ആയിക്കൊള്ളട്ടെ. ഞങ്ങളുടെ കയ്യിൽ നിന്നും നിങ്ങടെക്ക് സർട്ടിഫിക്കറ്റ് വേണ്ട. നിങ്ങളുടെ കൂടെ നിൽക്കുന്ന ജനങ്ങടെ ആ സർട്ടിഫിക്കറ്റെല്ലാം പണ്ടേ മടക്കി വച്ചുകഴിഞ്ഞു.

ശ്രീ. എം. വി. രാഘവൻ: കുറുക്കൻ മുന്തിരി പുളിക്കും എന്ന് പറഞ്ഞ മാതിരിയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഒട്ടും പുളിക്കുന്നില്ല. കാണാൻ പോവുകയാണ്. കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് ഉപദേശിക്കണം. ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കുമെന്നാണ് തോന്നുന്നത്. ഇങ്ങനെ ഓരോ ഇനത്തിനും നികുതിയുമായി വരുന്ന ഏർപ്പാട് ശരിയല്ല.

ശ്രീ. പി. ആർ. ശിവൻ: ശ്രീ. ജേക്കബ് പൂരം കാണാൻ തഴപ്പായ നെയ്തിട്ട് കുറെക്കാലമായല്ലോ. ഇതുവരെ പൂരം കണ്ടില്ലേ? ഇനി ആ തഴപ്പായ മടക്കി വയ്ക്കുകയാണ് നല്ലത്.

ശ്രീ. ടി. എം. ജേക്കബ്: എത്രയാലും പൂരം കണ്ടതിനുശേഷം ഞാനും ശിവനും കൂടി അതിനെപ്പറ്റി പറയാം. ഈ നിയമം ജനങ്ങടെക്ക് ദോഷം ചെയ്യുന്നതാണ്. അതുകൊണ്ട് ഈ നിയമം ഈ നിലയിൽ പാസ്സാക്കരുത്. ജനങ്ങളെ കാര്യമായി ബാധിക്കുന്ന നിയമമെന്നുള്ള നിലയിൽ ഇത് പിൻവലിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ നിയമത്തെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. സീതിഹാജി: സർ, ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ജീവിച്ച ശ്രീ. ആര്യാടൻ ഇതു കൊണ്ടുവരാൻ പാടില്ലായിരുന്നു. ശ്രീ. നായനാർക്ക് കൊണ്ടുവരാം. അവർ ജനങ്ങളോട് പലതും പറഞ്ഞ് വഞ്ചിച്ച പാരമ്പര്യമുള്ളവരാണ്.

സർ, ശ്രീ. വർക്കല രാധാകൃഷ്ണൻ ഇത് വൻകിട കച്ചവടക്കാരല്ലേ വാങ്ങിക്കുന്നതെന്നു പറഞ്ഞു. അദ്ദേഹം ബിൽ പഠിച്ചിട്ടില്ലേ. വക്കീലാണല്ലോ. ഫോറസ്റ്റിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ സാധനങ്ങളും ഇതിൽ പെടും. ആര്യവൈദ്യൻ കഷായത്തിന് വാങ്ങിക്കുന്ന കുറുന്തോട്ടിക്കും കൊടുക്കണം 5 പൈസ. കണ്ണിൽ ഒഴിക്കുന്ന തേനിനും കൊടുക്കണം. പന്തം, മഞ്ഞൾ, ഈറ്റ ഇവയ്ക്കെല്ലാം കൊടുക്കണം. പെരുമ്പാവൂർ എം. എൽ. എ. ആണല്ലോ ശ്രീ. ശിവൻ. അദ്ദേഹം പൂരത്തെപ്പറ്റി പറഞ്ഞല്ലോ, അവിടെ പരമ്പ് നെയ്യുന്നില്ലേ? ഒരു കഷണം മുളയ്ക്ക് എന്താണ് വിലയെന്നറിയാമോ? 15 രൂപയാണ്. അതിൽ 5 പൈസയും കൂടി 75 പൈസ പാവപ്പെട്ടവൻ കൊടുക്കണം. വെറും തടിക്കല്ല.

സർ, സോഫ്റ്റ് വുഡ് പ്ലാൻറ് ചെയ്യാൻ ഡെവലപ്മെൻറ് ടാക്സാണ് ഇതെന്നാണ് പറഞ്ഞത്. അതിന് ഉദാഹരണം പറഞ്ഞത് കർണ്ണാടക ഗവൺമെൻറിനേയും തമിഴ്നാട് ഗവൺമെൻറിനേയും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർ ബർമ്മയിൽയിൽ നിന്നും കുടിയേറിവന്ന അഭയാർത്ഥികൾക്ക് ആയിരക്കണക്കിന് ഏക്കർ ഭൂമി പ്ലാൻറ് ചെയ്യാൻ കൊടുക്കുന്നുണ്ട്. അത് സർക്കാർ തടി വിൽക്കുന്നതല്ല. പ്രൈവറ്റ് ഫോറസ്റ്റുകാർ പെർമിറ്റ് കൊടുത്താൽ, അത് മുറിക്കുവാനുള്ള അനുവാദം കൊടുത്താൽ അവർ പത്ത് പെർസെൻറ്—അഗ്രികൾച്ചറൽ ഡെവലപ്പ്മെൻറ് ടാക്സ് ആണെന്നാണ് അതിൻെറ പേര്—അങ്ങനെ വാങ്ങിക്കുന്നുണ്ട്. ഇത് ശരിയാണോ? ഈ രാജ്യത്തെ പാവപ്പെട്ടവനെ ബാധിക്കുന്നതാണ് ഇത്.

ശ്രീ. എം. വി. രാഘവൻ: കർണ്ണാടകയിൽ കേരളത്തിൽ നിന്നും പോയ ആളുകൾ അവിടത്തെ കാട് മുഴുവൻ വെട്ടി നശിപ്പിച്ചു എന്ന് കംപ്ലയിൻറ് ഉണ്ടല്ലോ. അതിനെപ്പറ്റി വല്ലതും അറിയാമോ?

ശ്രീ. പി. സീതിഹാജി: അതിനെപ്പറ്റി നോക്കാൻ ശ്രീ. ഗുണ്ടുറാവുവും നല്ല കരുത്തുള്ള മന്ത്രിമാരും ഉണ്ട്. ഒന്നരക്കോടി രൂപ കിട്ടുമെന്നാണ് മന്ത്രി പറഞ്ഞത്. നേരെമറിച്ച് ഏഷ്യയിലെ ഏറ്റവും വലിയ പ്ലൈവുഡ് ഫാക്ടറിയായ വെസ്റ്റേൺ ഇൻഡ്യാ പ്ലൈവുഡ് ഫാക്ടറിക്ക് എത്ര ലക്ഷം രൂപയാണ് വില കുറച്ച് കൊടുത്തത്. ഈ രാജ്യത്തെ പ്ലൈവുഡ് ഫാക്ടറി മുതലാളിമാർക്ക് ഒരു ക്യൂബിക് മീറ്ററിന് 120 രൂപ മുതൽ 140 രൂപ വരെ വില കുറച്ച് കൊടുത്തതിൻെറ പേരിൽ കേരള ഗവൺമെൻറിൻെറ ഖജനാവിൽ വരേണ്ടിയിരുന്ന ഒന്നരക്കോടി രൂപ മുതലാളിമാർക്ക് വിട്ടുകൊടുത്തിട്ട്. ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന, പരമ്പ് നെയ്യുന്ന, കുട്ട നെയ്യുന്ന പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിൽനിന്നും അഞ്ച് പൈസ വാങ്ങിച്ച് ഈ ഒന്നരക്കോടി രൂപ നികത്തണമെന്നുള്ളതാണ് ഈ ഇടതുപക്ഷ സർക്കാരിൻെറ നയമെങ്കിൽ നിങ്ങളുടെ വിപ്ലവം ഞങ്ങൾക്ക് ആവശ്യമില്ലെന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. ഇതാണോ വിപ്ലവം? ഞങ്ങൾ നികുതിയില്ലാത്ത സംവിധാനമല്ല പറയുന്നത്. നികുതി കെട്ടേണ്ട ആളുകളിൽ നിന്നും അത് വാങ്ങിക്കണം. ഇത് ആരെയാണ് ബാധിക്കുന്നത്? നിങ്ങൾ എന്ത് ഇടതുപക്ഷമാണ് നിങ്ങൾ മുതലാളിമാരെയാണ് സംരക്ഷിക്കുന്നത്? ഞങ്ങളാണ് ഇപ്പോൾ ഇടതുപക്ഷം. ഞങ്ങൾ മുതലാളിമാരെ സഹായിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എൻെറ നാട്ടുകാരനും സുഹൃത്തുമായ ശ്രീ. ആര്യാടനെ ഇത് കഴിഞ്ഞാലും ഇറങ്ങി നടക്കേണ്ടിവരും. അദ്ദേഹം ഞങ്ങളുടെ കൂടെ വരേണ്ട ആളാണ്. അദ്ദേഹത്തിന് ചീത്തപ്പേര് ഉണ്ടാക്കുന്നത് നല്ലതല്ല.

സർ, ഇവിടെ ഫോറസ്റ്റിൻെറ ഡവലപ്പ്മെൻറിനെപ്പറ്റി പറഞ്ഞു. കാട്ട കൊടുക്കുന്ന സമ്പ്രദായം ഉണ്ട്. വരുമാനം എത്ര കോടി വേണമെങ്കിലും ഞാൻ ഉണ്ടാക്കി തരാം. ഇവിടെ ഫാക്ടറികൾക്ക് കാട്ട കൊടുക്കുന്നുണ്ട്. നെൻമാറ ഡിവിഷനിൽ മേൽ ലാഭത്തിന് കൂപ്പ് കൊടുത്തു. എന്താണ് സ്ഥിതി. 35 ലക്ഷം രൂപയുടെ തടി കട്ടു കടത്തിക്കൊണ്ടു പോയി. ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാർ പോയി ഇൻസ്പെക്ഷൻ നടത്തിയതാണ്. എന്തു നടപടിയാണ് എടുത്തത്? രേണുകക്ഷിയിൽപ്പെട്ട ഒരു കക്ഷിയുടെ മുതലാളിയാണ് തടി വെട്ടുന്നത്.

ശ്രീ. കെ. പി. എ. മജീദ്: രേണുകക്ഷിയിൽപ്പെട്ട പാർട്ടിയിലെ മുതലാളിയെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കക്ഷിയിൽപ്പെട്ട ആളാണോ, അതോ മറ്റു കക്ഷികളിൽപ്പെട്ട ആളുകളാണോയെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: മന്ത്രിയുടെ കക്ഷിയിൽപ്പെട്ട ആളല്ല. അഖിലേന്ത്യാ ലീഗിന്റെ കക്ഷിയിൽപ്പെട്ട ആളാണ് ആ സ്ഥലത്ത് മരം വെട്ടുന്നതെന്നാണ് എന്റെ അറിവ്. എന്നിട്ട് എന്ത് നടപടിയാണ് എടുത്തത്?

സർ, ടിമ്പറിനായാലും മുളയ്ക്കായാലും പ്ലൈവുഡിനായാലും ഓരോ മാസം ചെല്ലുന്തോറും വില കൂടിക്കൂടി വരികയാണ്, ഇവിടെ വില കുറച്ചുകൊടുത്തെന്ന് പറഞ്ഞു. എന്തിനു വേണ്ടിയാണ് കുറച്ചു കൊടുത്തത്? ഈ പ്ലൈവുഡ് ഫാക്ടറിക്കാർ ആരാണ്? മേൽ ലാഭത്തിന് ഫാക്ടറികൾക്ക് മരം കച്ചട്ടയായി കൊടുക്കുന്നുണ്ട്. ആ കൊടുത്ത ഏരിയായ്ക്കപ്പുറം കടന്ന് വെട്ടി കൊണ്ടുപോയതിന്റെ കഥയാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. എം. വി. രാഘവൻ: കർണ്ണാടകയിൽ നിന്നും കേരളത്തിൽ നിന്നും കുറേ കള്ളൻമാർ മരം വെട്ടി കൊണ്ടുപോകുന്നുണ്ട്. അതൊന്ന് പിടിക്കാൻവേണ്ടി നമുക്ക് രണ്ടു കൂട്ടർക്കും കൂടി **യോജിക്കണ**മെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. പി. സീതിഹാജി: കർണ്ണാടകയുടെ കാര്യം നിങ്ങൾ നോക്കേണ്ട. നിങ്ങൾ നിങ്ങളുടെ കാര്യം നോക്കിയാൽ മതി. കർണ്ണാടകക്കാരുടെ കൂടെ നിങ്ങളെല്ലാവരും പോകുമോ? ഇപ്പോൾ ബംഗാളിനെ വിട്ടോ? ബംഗാളിനോട് മൽസരിക്കാമോയെന്ന് ചോദിച്ച ശ്രീ. എം. വി. രാഘവനാണ്. ഇപ്പോൾ കർണ്ണാടകയിലെ പിൻതിരിപ്പൻമാർ എന്ന് നിങ്ങൾ പറയുന്ന കോൺഗ്രസ് ഐ യുടെ മാർഗ്ഗം സ്വീകരിക്കുന്നതാണോ നിങ്ങൾ പോകുന്നത്? അങ്ങനെയൊരു ഗതികേടിൽ എത്തിയല്ലോ.

ശ്രീ. കെ. ശ്രീധരൻ: ശ്രീ. സീതിഹാജിക്ക് ഇപ്പോൾ കർണ്ണാടകയോട് എന്താണ് ഇത്ര പ്രേമമെന്ന് പറയാമോ?

ശ്രീ. പി. സീതിഹാജി: എനിക്ക് ഇൻഡ്യയോടാകെ പ്രേമമുള്ളതുകൊണ്ടാണ് ഈ കാര്യങ്ങൾ പറയുന്നത്. 185000 ഏക്കർ വനഭൂമി ഒരു നയാപൈസ പ്രതിഫലം കൊടുക്കാതെ ശ്രീ. നായനാരുടെ പാർട്ടി ഇപ്പുറത്തിരിക്കുമ്പോൾ ഞങ്ങൾ ഇൻഡ്യയ്ക്കാകെ മാതൃക കാണിക്കുന്ന വിധത്തിൽ ഒരു നിയമം കൊണ്ടുവന്ന് ഏറെടുക്കുകയുണ്ടായി. ആ വനഭൂമി ഇല്ലേ? പിന്നെ എന്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്? ഡെവലപ്പ് ചെയ്യാൻ ആണെന്നാണ് പറയുന്നത്. സോഫ്റ്റ് വുഡ് പ്ലാന്റ് ചെയ്യാനാണെങ്കിൽ എല്ലാ സ്ഥലങ്ങളും അവിടെ ക്ലിയർ ചെയ്യണം. അതിൽ നിന്ന് കിട്ടുന്ന ആദായം പോരേ? അങ്ങനെയാണെങ്കിൽ ഓരോ വകുപ്പും ക്ലിയർ ചെയ്തു കൊള്ളട്ടെ. ശ്രീ. പി. എം. അബൂബേക്കറിന്റെ റോഡിലൂടെ നടക്കാൻ വേറെ ടാക്സ്, വക്കത്തിന്റെ ആശുപത്രിയിൽ മരുന്നു വാങ്ങിക്കാൻ പോകുന്ന ആളുകൾക്കെല്ലാം ലെവി. ഇങ്ങനെ ഉണ്ടോ ഒരു നടപടി? ഇങ്ങനെയുള്ള തോന്ന്യാസം വേറെ ഏതെങ്കിലും ലോകത്ത് ഉണ്ടോ? സിക്കപ്പൂരിൽ നിന്നും, ബർമ്മയിൽ നിന്നും, സിലോണിൽ നിന്നും വന്ന അഭയാർത്ഥികളെ സംരക്ഷിക്കാൻ വേണ്ടി കുറെ ലാൻഡ് കൊടുത്താൽ അത് മനസ്സിലാക്കാൻ കഴിയും. ഇതുകൊണ്ട് എത്രയാണ് വില കൂടുന്നത്? ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ കച്ചവടക്കാർ അല്ല ഇവർ. ഇന്നുതന്നെ സാധാരണക്കാരനും വാതലോജനലോ ഉണ്ടാക്കാൻവേണ്ടി മരം വേണമെങ്കിൽ എത്ര രൂപയാണ് കൊടുക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിവരുന്നത്. ഈ നാട്ടിലാണെങ്കിൽ ആഞ്ഞിലിയും ഞങ്ങളുടെ നാട്ടിലാണെങ്കിൽ ഇരുൾ, മരുത എന്നിവയുമെല്ലാമാണ് ഉപയോഗിക്കുന്നത്. 50–ം 55–ം രൂപ ഉരുളൻ തടിക്ക് കൊടുക്കണം. അതിന് 4 ശതമാനം ടാക്സ്. അതിന് അഡീഷണൽ ടാക്സ് പത്തു ശതമാനം. അതിന്റെ പുറത്ത് ഈ 5 ശതമാനം കൂടെ കൊടുക്കണം. ആരാണ് ഇത് കൊടുക്കേണ്ടിവരുന്നത്? കച്ചവടക്കാർ 5 ന് 25 കൂട്ടിയിട്ട് വാങ്ങിക്കും. ഇതാണ് കുഴപ്പം. ഒന്നര ക്കോടി രൂപ ഉണ്ടാക്കാൻ ഇങ്ങനെ പിച്ചച്ചട്ടിയിൽ കൈയിടാൻ സമ്മതിച്ചത് വളരെ ഖേദകരമായിപ്പോയി. മുതലാളിമാരോട് വാങ്ങിക്കൂ. 1500–ം 1600–ം രൂപ വിലയുള്ള മരങ്ങളാണ് പ്ലൈവുഡിന് ഉപയോഗിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 68 ലക്ഷം എന്നാണ്. എന്റെ കണക്ക് ഒന്നര കോടി ആണെന്നാണ്. കാരണം, ഒരു ലക്ഷത്തിൽപ്പരം ക്യൂബിക്ക് മീറ്റർ മരമാണ് കച്ചാട്ടയായിട്ട് കൊടുക്കുന്നത്. അതിൽ 140–ം 160–ം രൂപ വരുമ്പോൾ ഒന്നരക്കോടി വരുമെന്നാണ് അത് നികുത്താനാണ് ഈ പണി കൊണ്ടുവന്നത്. കുറെ തോട്ടിക്ക് നിങ്ങൾ നികുതി കെട്ടിയിട്ടുണ്ട്. ഉളുപ്പില്ലല്ലോ. ഇതാണല്ലോ പുരോഗമനം. എത്ര ആളുകളെയാണ് നിങ്ങൾ വഞ്ചിക്കുന്നത്? പേരെ നികുതികളൊന്നുമില്ലേ? സാധാരണ കണ്ണിന് സുഖക്കേടു വന്നാൽ തേൻ ഒഴിക്കും. വടക്കേ മലബാറിലുള്ള ഏർപ്പാടാണ്. ഇളനീർക്കുഴമ്പ് എന്ന് പറയുന്ന സാധനം. അതിനും നികുതി ഉണ്ട്. ഇതെല്ലാമാണ് ഇപ്പോഴത്തെ സ്ഥിതി.

സർ, ഇതൊക്കെ വെറും മരങ്ങളുടെ മാത്രം കാര്യമല്ല. ഇത് എന്തിനു ഉപയോഗിക്കുന്നുവെന്ന് ഞങ്ങൾക്ക് അറിയണം. കോടിക്കണക്കിന് രൂപയുടെ സാധനം ഈ രാജ്യത്തെ ജനങ്ങളിൽ നിന്നും മേടിച്ച് എടുത്തിട്ടില്ലേ? ആ പണം ഇതിനുവേണ്ടി ഉപയോഗിച്ചുകൂടെ? 30, 35 കോടി രൂപയുടെ വരുമാനം ഫോറസ്റ്റിൽ നിന്നും ഉണ്ടാകുന്നുണ്ട്. അതങ്ങ് പലവാക്കിക്കൂടേ. ഇത് നമ്മളാരും തന്നെ ഉണ്ടാക്കിയതല്ല. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് കടൽ കടന്നു വന്ന വെള്ളക്കാരൻ നട്ടുപിടിപ്പിച്ചതിന്റെ അനുഭവമാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മന്ത്രിയുടെ നാട്ടിലും എന്റെ നാട്ടിലും ധാരാളം ടീക്ക് പ്ലാന്റേഷൻ ഉണ്ട്. പല ടൂറിസ്റ്റുകളും അവിടെ നോക്കാൻ വരുന്നുണ്ട്. അതിന്റെ സുഖമാണ് നമ്മൾ ഇന്നാസ്വദിക്കുന്നത്, എന്നിട്ടാണ് അതിന്റെ മുകളിൽ ഈ പിച്ചച്ചട്ടിയിൽ മാന്തുന്നത്. ഒന്നരക്കോടികൊണ്ട് നിങ്ങൾ എത്ര ഏക്കർ പ്ലാന്റ് ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി വളരെ സഭ്യഭദ്രേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കാരണം എന്താണ്? ബി ഫോം ഇല്ലാതെ മരങ്ങൾ കയറ്റിക്കൊണ്ടുപോകാൻപാടില്ല. അന്യസംസ്ഥാനങ്ങളിലേയ്ക്ക് തടി കയറ്റി കൊണ്ടുപോകാൻ പാടില്ലായെന്ന് പറഞ്ഞു. എനിക്ക് അതിൽ അഭിപ്രായവ്യത്യാസം ഉണ്ട്. കേരളത്തിൽ ഇന്ന് എത്ര സോഫ്റ്റ് വുഡ് ഉണ്ട്. അത് കാട്ട കൊടുക്കുകയും ചെയ്യുന്നു.

ശ്രീ. എം. വി. രാഘവൻ: സോഫ്റ്റ് വുഡ്ഡിനും അതുപോലുള്ള വ്യവസായങ്ങൾക്കും കൺസഷൻ അനുവദിച്ചത് ഈ ഗവൺമെന്റ് വന്നപ്പോൾ മാത്രമാണോ, അതിനു മുമ്പും ശ്രീ. സീതിഹാജിയുടെ കക്ഷി ഉൾപ്പെട്ടിരുന്ന ഭരണകക്ഷി ഭരണം നടത്തിയപ്പോഴും ഈ കൺസഷൻ ഇവിടെ അനുവദിച്ചതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: എന്റെ കക്ഷി കൂടി ഉൾപ്പെട്ട കക്ഷികൾ ഇവിടെ ഭരണം നടത്തിയപ്പോഴാണ് ഇതിന് ഒരു ഫിക്സഡ് റേറ്റ് ഉണ്ടാക്കിയത്. ഓരോരോ 6 മാസം കൂടുമ്പോൾ സെൻട്രൽ ഡിപ്പോയിലെ വില നോക്കി അതിന്റെ ആവറേജ് റേറ്റ് നിശ്ചയിച്ചാണ് ഫിക്സഡ് റേറ്റ് ഉണ്ടാക്കിയിരുന്നത്. ആ റേറ്റിൽ നിന്നാണ് ശ്രീ. എം. വി. രാഘവൻ നേതൃത്വം കൊടുക്കുന്ന സാക്ഷാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വില കുറച്ചുകൊടുത്തത്. ആർക്കാണ് വില കുറച്ചു കൊടുത്തത്? മുതലാളിമാർക്കാണ്. പി. ജി. പുരുഷോത്തമനെപോലുള്ള മുതലാളിമാർക്ക്.

ശ്രീ. എം. വി. രാഘവൻ: വടക്കേ മലബാറിലെ മാപ്പിളമാരോട് അരി എത്ര എന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്ന് പറയുന്നതുപോലെ പറയണ്ട. നിങ്ങൾ ഈ കൺസഷൻ കൊടുത്തില്ലേ. റേറ്റ് കുറച്ച് കൊടുത്തില്ലേ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. പി. സീതിഹാജി: റേറ്റ് കുറച്ചുകൊടുത്തിട്ടില്ല. ഇപ്പോൾ നിങ്ങളാണ് റേറ്റ് കുറച്ചുകൊടുത്തത്.

ശ്രീ. എം. വി. രാഘവൻ: അതിനെക്കുറിച്ച് ഉറപ്പിച്ച് പറയാമോ അവകാശലംഘനം കൊണ്ടുവരും.

ശ്രീ. പി. സീതിഹാജി: എന്റെ അറിവു ശരിയാണെങ്കിൽ ഒരു നയാ പൈസപോലും കുറച്ചിട്ടില്ല. കാദർകുട്ടിക്ക് 25 രൂപവച്ച് വീറക് കൊടുത്തപ്പോൾ ഞാൻ ഭരണപക്ഷത്തുനിന്നും ശ്രീ. എം. വി. രാഘവൻ പ്രതിപക്ഷത്തുനിന്നും എതിർത്തതാണ്. പക്ഷേ ഇങ്ങനെ വില കുറയ്ക്കാൻ വേണ്ടി അല്ല. ഞാൻ അന്ന് എതിർത്തതിനെക്കുറിച്ച് അന്നത്തെ അസംബ്ലി പ്രൊസീഡിംഗ്സ് പരിശോധിച്ചാൽ കാണാൻ കഴിയും.

ശ്രീ. എം. വി. രാഘവൻ: നിങ്ങൾ അടക്കം അന്നുണ്ടായിരുന്ന ഗവൺമെന്റ് വിലകുറച്ചു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സീതിഹാജി: ഇല്ല.

ശ്രീ. എം. വി. രാഘവൻ: ഉണ്ട്.

ശ്രീ. പി. സീതിഹാജി: മാർക്കറ്റ് ഉയർന്നുവരുമ്പോൾ നിങ്ങൾ എന്തിനാണ് വില കുറയ്ക്കുന്നത്. ബഹുമാനപ്പെട്ട ഇ. കെ. നായനാർ സത്യം പറയുന്ന ആളാണ്. ആസ്സാമിൽ കുഴപ്പംവന്നപ്പോൾ പ്രൈവുഡ്ഡിനു കണ്ടമാനം വിലകൂട്ടി. ആ സമയത്താണ് നമ്മൾ വിലകുറച്ചു കൊടുത്തത്. ഈ സാധനം ഇവിടെ ഉപയോഗിക്കുന്നില്ല. കേരളത്തിൽ രണ്ടോ മൂന്നോ മില്ലുകൾ മാത്രമേ ഇത് ഉപയോഗിക്കുന്നുള്ളൂ. എന്നാൽ ഇതിന് മാർക്കറ്റിൽ നല്ലവിലയാണ്. അത് തടയാൻവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഈ നിയന്ത്രണം കൊണ്ടുവന്നത്. പണിത്തരങ്ങൾ വെളിയിലേക്ക് കയറ്റിക്കൊണ്ടുപോകാൻ പാടില്ല. അതുപോലെതന്നെ മറ്റ് മരങ്ങളും സംസ്ഥാനത്തുനിന്നും കൊണ്ടുപോകാൻ പാടില്ല. കേരളത്തിൽ ആകെ ഒന്നേകാൽലക്ഷം ക്യൂബിക് മീറ്റർ സ്ഥലത്താണ് സോഫ്റ്റ്വുഡ് ഉള്ളത്. എന്നാൽ കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽ നിന്നും തടികയറ്റി വരുന്നുണ്ട്. അവിടത്തെ ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനം എടുത്താൽ എന്തായിരിക്കും സ്ഥിതി. ഇപ്പോൾ കോഴിക്കോട്ട്

LIBRARY ARCHIVES Kerala Legislative Assembly

മാത്രം 100 സോമിൽ ഉണ്ട്. അതുപോലെതന്നെ വളപട്ടണത്ത് അമ്പതോ അമ്പത്തെട്ടോ സോമില്ലുകളും ഉണ്ട്. അതിൽ പണിയെടുക്കുന്ന ഇരുപത്തയ്യായിരത്തോളം വരുന്ന തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് പട്ടിണിയിലാണ്. സർ, കണ്ണിൽ കരട് വീണാൽ വേറെ എവിടെയെങ്കിലും ഊതിയിട്ട് കാര്യമുണ്ടോ? ഇങ്ങനെ കൊടുക്കുന്ന കാട്ട മരങ്ങളും ഉപയോഗിക്കുന്നുണ്ടോയെന്നു നോക്കാനുള്ള സംവിധാനം ഉണ്ടാക്കാതെ ഏതെങ്കിലും കച്ചവടക്കാരനോ മില്ലുടമകളോ മറ്റു സംസ്ഥാനങ്ങളിൽ പോയി തടി കൊണ്ടുവന്നാൽ അത് നിയന്ത്രിക്കണം എന്നു പറയുന്നതിൽ എന്തു ന്യായമാണുള്ളത്?

ശ്രീ. എം. വി. രാഘവൻ: ന്യായമായി കൊണ്ടുവരുന്നത് വിടും അല്ലാതെ കട്ടുകൊണ്ടുവരുന്നത് വിടാൻ പാടില്ലെന്നുള്ളതാണ് നയം.

ശ്രീ. പി. സീതിഹാജി: കട്ടുകൊണ്ടുപോകുന്നവർ ഇപ്പോഴും ആൺകുട്ടികളെപ്പോലെ കട്ടുകൊണ്ടുപോകും. അത് നിയന്ത്രിക്കണമെന്നാണ് ഞങ്ങളും പറയുന്നത്. പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരു കേസ് വന്നു. അതായത് ഒരു ബലാൽസംഗക്കേസ്. വിധി പറയാൻവേണ്ടി നേതാവിന്റെ മുമ്പിൽച്ചെന്നു. വിധി പറഞ്ഞു. അതായത് കുന്തംകൊണ്ട് കുത്തിക്കളെ എന്നു പറഞ്ഞു. അപ്പോഴും പറഞ്ഞു, ഇവിടത്തെ മോനും അതിൽ ഉണ്ടെന്ന്. അപ്പോഴും വീണ്ടുംപറഞ്ഞു, കുന്തം ചരിച്ച് കുത്തിക്കളെ എന്ന്. അപ്പോഴും ആ ഭാഗത്തുനിന്നും എന്തെങ്കിലും കുഴപ്പമുണ്ടായാൽ അതങ്ങ് പൊയ്ക്കൊള്ളട്ടെ, ഇതാണ് നിങ്ങളുടെ നയം. ഞങ്ങളുടെ കാലത്ത് അങ്ങനെ ആരെങ്കിലും ചെയ്തിരുന്നുവെങ്കിൽ 24 മണിക്കൂർകൊണ്ട് തടുത്തുനിറുത്തിയേനേ. അതിനെ സംബന്ധിച്ച് നിങ്ങൾക്ക് അറിയുകയില്ലേ? എന്നാൽ ഇന്ന് അതല്ല സ്ഥിതി. ഇന്ന് കണ്ടമാനം തായാടുകയാണ്.

ഇനി നമ്മുടെ കാടുകളുടെ സ്ഥിതി എന്താണെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. കാടുകൾ സംരക്ഷിക്കണ്ടേ? ഇതിനുവേണ്ടി അഞ്ചു പൈസയും പിരിച്ചുകൊണ്ടു നടന്നാൽ വിജയിക്കുമോ? നമ്മൾ പ്ലൈവുഡ് ഫാക്ടറികൾക്ക് കൊടുക്കുന്ന മരങ്ങൾക്ക് ന്യായമായ വില കിട്ടണം. അവർക്ക് തായാടാൻ കൊടുക്കരുത്. ഫാക്ടറികൾക്ക് ആവശ്യമായ റാ മെറ്റീരിയൽസ് കൊടുക്കുവാൻ ഗവൺമെന്റ് ബാധ്യസ്ഥമാണെങ്കിൽ മരം വെട്ടിക്കൊണ്ടുവന്ന് സെൻട്രൽ ഡിപ്പോകൾ വഴികൊടുക്കണം. അതിന് ഉദ്യോഗസ്ഥൻമാർ തന്നെ ഉണ്ട്.

ശ്രീ. പി. പി. എസ് തോമസ്: കാദർകുട്ടി സാഹിബിന് മരംകൊടുത്തത് ഏതു വർഷത്തിലാണെന്നുള്ളതിനെക്കുറിച്ച് നിശ്ചയമുണ്ടോ, അതിനെക്കുറിച്ച് ഈ നിയമസഭയിൽത്തന്നെ ചർച്ച നടന്നതാണ്. അന്ന് സീതിഹാജി ഇപ്പുറത്തും ഞാൻ അപ്പുറത്തും ഇരുന്നുവെന്നേയുള്ളു.

ശ്രീ. പി. സീതിഹാജി: ഞാൻ പറഞ്ഞത് വേറെ, ഇതു വേറെ. കാദർകുട്ടി സാഹിബ് ഫയർവുഡ് ഉപയോഗിച്ച് ഹാർഡ്വേഴ്സ് ഉണ്ടാക്കുന്ന ഒരു പുതിയ യൂണിറ്റ് 40 കോടിയോളം രൂപ മുടക്കി അവിടെ കൊണ്ടുവന്നപ്പോഴാണ് അതിനാവശ്യമായ റാ മെറ്റീരിയൽസ് ഇവിടെ കിട്ടുകയില്ലെന്നും അതുകൊണ്ട് ഞങ്ങൾ ഇത് മദ്രാസിലേക്ക് കൊണ്ടുപോവുകയാണെന്നുംമറ്റും പറഞ്ഞപ്പോൾ രണ്ടായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന പ്രശ്നമായതുകൊണ്ട് ഫയർവുഡ് തരണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചു. അപ്പോഴാണ് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റ് പറഞ്ഞു. ഒരു ടൺ

LIBRARY ARCHIVES Kerala Legislative Assembly

പിറകിന് 12 രൂപ 50 പൈസയാണ് സീനിയറേജ് റേറ്റ് എന്ന്. അതു കൊണ്ട് 25 രൂപയ്ക്ക് കൊടുക്കാമെന്ന് പറഞ്ഞ് ഒരു നോട്ട് കൊടുത്തു. അത് ക്യാബിനറ്റ് പാസ്സാക്കി; ഞങ്ങൾ അതിനെ എതിർത്തു, വില പോരായെന്ന് പറഞ്ഞു. എന്നാൽ ഇത് അതല്ല. ഇത് തടിയുടെ കാര്യം ആണ്. തടിക്കാണ് വില കുറച്ചുകൊടുത്തത്. വെള്ളകിൽ എന്നു പറയുന്ന സാധനത്തിന് 1,800 രൂപ 2,000 രൂപവച്ച് ഇവിടെനിന്നും വാങ്ങുന്നു. എന്നാൽ ഇതിന് ബംഗാളിൽ അയ്യായിരം രൂപയാണ് വില. എന്നിട്ട് ഇവിടെയുള്ള കാട്ട വാങ്ങി വാഗണിൽ കയറ്റി അങ്ങോട്ട് അയയ്ക്കുന്നു. കാരണം വാഗൺ ലഭിക്കാൻ സൗകര്യമുണ്ട്. പ്രയാസമൊന്നും വേണ്ട. വാഗണിൽ കയറ്റിവിട്ടാൽ അതങ്ങ് പൊയ്ക്കൊള്ളും. ഒരു കുഴപ്പവുമില്ല. ഇതൊക്കെ തടയണം എന്നാണ് ഞാൻ പറയുന്നത്. എന്തിനാണ് നിങ്ങൾ ഇങ്ങനെയുള്ളവർക്ക് വില കുറച്ചുകൊടുക്കുന്നത്. വെള്ളകിൽ എന്നുപറയുന്ന സാധനം എന്താണെന്ന് നിങ്ങൾക്ക് മനസ്സിലായോ? വേണമെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചേമ്പറിൽ പോയി നോക്കിയാൽ മതി. അവിടെ കിടക്കുന്ന മേശകളും കസേരകളും എപ്പോഴും വെള്ളകിൽകൊണ്ട് നിർമ്മിച്ചിട്ടുള്ളതാണ്. രാഘവനു അതിനെക്കുറിച്ച് അറിഞ്ഞുകൂടെങ്കിലോയെന്ന് വിചാരിച്ച് ഞാൻ പറഞ്ഞതാണ്. രാഘവൻ എപ്പോഴും സ്പീക്കറുടെ ഓഫീസിൽ പോകുമല്ലോ. അപ്പോൾ ഈ വെള്ളകിലിനു വിലകുറച്ചുകൊടുക്കുന്നതിൽ യാതൊരു മാനദണ്ഡവും ഇല്ല. മൂന്ന് അടി പീൽ ചെയ്യുന്ന മെഷീനിൽ മാക്സിമം അഞ്ച് അടി ഗർത്ത് മരമേ പോകൂ. ഇവിടെയുള്ള വ്യവസായവകുപ്പു ഉദ്യോഗസ്ഥൻമാർ ഫാക്ടറി പോയി പരിശോധിക്കുന്നു. അപ്പോൾ അവരെ സ്വാധീനിക്കുവാൻ എന്തെല്ലാം ചെയ്യണമെന്നുള്ളതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: നിങ്ങളുടെ ഒരു ഗവൺമെന്റ് ഉണ്ടാക്കിയിട്ട് ഇതെല്ലാം കുറച്ചുകൊടുക്കുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കുവാൻ പോകുന്നു, ശ്രീ. സീതിഹാജി ഫോറസ്റ്റ് മന്ത്രിയാകും എന്നെല്ലാം കേൾക്കുന്നുണ്ട്. അപ്പോൾ ഇതിന്റെയെല്ലാം വില കുറച്ചുകൊടുക്കുമോ? ഈ ബിൽ റദ്ദു ചെയ്യുമോ?

ശ്രീ. പി. സീതിഹാജി: വില കുറച്ചുകൊടുക്കണം എന്നാണ് പറയുന്നത്. അതിനെക്കുറിച്ച് നിങ്ങൾക്ക് അറിയുകയില്ല. അവിഭക്ത കമ്മ്യൂണിസ്റ്റുപാർട്ടി ഇവിടെ 1957-ൽ അധികാരത്തിൽ വന്നു. ബിർളാ മുതലാളി ഇവിടെ ഫാക്ടറികൾ തുടങ്ങാൻവന്നു. അവർക്ക് ആവശ്യമുള്ള റാ മെറ്റീരിയൽസ് ഒരു രൂപയ്ക്ക് കൊടുക്കാമെന്നു പറഞ്ഞു. എന്നിട്ട് കുറേക്കാലം കഴിഞ്ഞപ്പോൾ അത് വർദ്ധിപ്പിച്ചു.

ശ്രീ. എം. വി. രാഘവൻ: ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടി കിട്ടിയില്ല. അതായത് പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ എപ്പോഴാണ് നടക്കുക?

ശ്രീ. പി. സീതിഹാജി: ഇതിൽ രാഘവൻ ബേജാറാകേണ്ട. അത് നടക്കുവാൻ പോകുന്ന സംഭവമാണ്. ഏതാനും ദിവസങ്ങൾക്കകം ഞങ്ങളുടെ ഗവൺമെന്റ് അവിടെ വരും, അതിൽ യാതൊരു സംശയവും വേണ്ട. രാഘവന് അവിടെ വല്ല ബുദ്ധിമുട്ടുകളും തോന്നുകയാണെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിവിട്ട് ഞങ്ങളുടെ കൂടെ വന്നാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

രാഘവനു ലീഗിൽ ചേരണമെങ്കിലും ചേരാം. അതിൽ വലിയ ബുദ്ധി മുട്ടൊന്നുമില്ല. അതിനുവേണ്ടി എന്നെകൂടെ വന്നാൽ മതി. നമുക്കു പൊന്നാനിയിൽ പോകാം. അതു ഞാൻ ശരിയാക്കി തരാം..... ബാഹളം .....എന്നിട്ടു നമുക്കു ഇവിടെ ഭരിക്കാം.

ഈ വിറകു കൊടുക്കുന്നതിൽ ഒരു മാനദണ്ഡം വച്ചുകൂടേ? നിങ്ങളും പൈസ വാങ്ങേണ്ട ഫ്രീ ആയിട്ടു കൊടുത്തോ? എന്നാലും സർക്കാരിനു ലാഭമാണു്. മൂന്നടി പീലിംഗു് മെഷീനിൽ അഞ്ചടി ഗർത്തുപോകുന്ന മരങ്ങളുള്ള ഓണർക്കു് 12 അടി 15 അടി ഗർത്തുള്ള മരങ്ങളും കൊടുക്കുന്നു. എന്നിട്ടു് ഇതുകൊണ്ടുപോയി വിൽക്കുന്നു. കല്ലായിയിൽനിന്നും വളപട്ടണത്തുനിന്നും കയറ്റി ബോംബെയ്ക്കു പോകുന്നുണ്ടു്. ഗവൺമെന്റിനു സെയിൽസു് ടാക്സു് ഇല്ല. ഇൻഡ്യാ ഗവൺമെന്റിനു ഇൻകംടാക്സും ഇല്ല. അപ്പോഴും ഈ രാജ്യത്തുനിന്നും ലഭിക്കുന്ന മരങ്ങളും ഇങ്ങനെയാണു് പോകുന്നതു്. എന്നിട്ടു് പിച്ചച്ചട്ടിയിൽനിന്നും അഞ്ചു പൈസ ചോദിക്കുന്ന ആര്യാടനോടു് ഞാൻ പറയുകയാണു് അതിനു നമുക്കു വഴിയുണ്ടാക്കാം എന്നു്.

നിലമ്പൂരിൽ കുറേ റബ്ബർ പ്ലാന്റു് ചെയ്യുന്നുണ്ടു്. അവിടെയെല്ലാം സോഫ്റ്റുവുഡു് പ്ലാന്റു് ചെയ്യണം. ഇന്നിപ്പോൾ ഇടയുള്ള ഫോറസ്റ്റുകളെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണു്, നശിപ്പിച്ചുകൊണ്ടിരിക്കുകയാണു്, ഇന്നിവിടെ എത്ര ശതമാനം ഫോറസ്റ്റു് ഉണ്ടു്? എവിടെയെങ്കിലും ഫോറസ്റ്റു് കണ്ടാൽ അതു് കോളനിക്കു് കൊടുക്കണമെന്നു പറയും. എത്തെല്ലാം ഫോറസ്റ്റു് വെട്ടിത്തെളിച്ചാണു് അവർക്കു് കൊടുത്തതു്. കോളനി ആക്കുമ്പോൾ റോഡു് ഉണ്ടാക്കിക്കൊടുക്കും ഹോസ്പിറ്റൽ കൊടുക്കും വിദ്യുച്ഛക്തി നൽകും സ്കൂളുകളും കൊടുക്കും അങ്ങിനെ അവിടെയൊക്കെ വികസിപ്പിച്ചു് എടുക്കും. ടൗണിന്റെ നടുവിൽ റോഡു് സൈഡിലൊക്കെ യൂത്തുഫുൾ ഫോറസ്റ്റു് എന്നൊക്കെ പറയും. അതിന്റെ അർത്ഥം അറിയുകയില്ല. ചില സായ്പുമാർ പറയുന്നതു് കേട്ടിട്ടുണ്ടു്. അങ്ങനെയുള്ള ഫോറസ്റ്റുകളും വെട്ടിനശിപ്പിച്ചു. എന്നിട്ടു് യൂക്കാലിപ്റ്റസു് വയ്ക്കാൻ, പ്ലൈവുഡു് വയ്ക്കാൻ സ്ഥലം വേണമെന്നു പറയുന്നതു്. ഇതു് ശരിയല്ല. ബഹുമാനപ്പെട്ട ചെയറിനറിയാം. ബാംബൂ കോർപ്പറേഷനിൽ നടക്കുന്നതെന്താണു്? അഞ്ചു പൈസ മുളയ്ക്കു് വിലകൂട്ടിയാൽ, ഈറയ്ക്കു് വിലകൂട്ടിയാൽ അതിന്റെ സ്ഥിതി എന്താണു്? അതുകൊണ്ടു് ഇതു് പിൻവലിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സോഫ്റ്റു് വുഡു് പ്ലാന്റേഷനും ഫോറസ്റ്റു് റിസർച്ചും വേണ്ടെന്നാണോ പറയുന്നതു്?

ശ്രീ. പി. സീതിഹാജി: അങ്ങനെ പറഞ്ഞില്ല. വെള്ളക്കാരന്റെ കാലത്തു് ഇവിടെ റിസർച്ചു് സെന്ററുണ്ടു്. പ്ലാന്റേഷനുണ്ടു്. അതെല്ലാം വർക്കിംഗു് പ്ലാൻ സിസ്റ്റു പകാരമാണു്. ഇത്ര ഏക്കർ ഫില്ലു് ചെയ്താൽ ഇന്ന ഏരിയായിലൊക്കെ അതു് പ്ലാന്റു് ചെയ്യണമെന്നു് വർക്കിങ്ങു് പ്ലാനുണ്ടു്. ഇപ്പോഴും ഒന്നരക്കോടി കൊണ്ടുവരാനുള്ള കാരണം എന്താണു്? ഈ തടികളും വെട്ടി ലേലം ചെയ്തു് ഡിപ്പോയിൽ കൊണ്ടുവന്നു് കിട്ടുന്ന റവന്യൂവരുമാനത്തിന്റെ തുക ചെലവാക്കണ്ട. ഫോറസ്റ്റു് ഡിപ്പാർട്ടുമെന്റിനു ഉദ്യോഗസ്ഥൻമാർക്കു് ശമ്പളം കൊടുക്കാനുള്ള ചെലവു് രണ്ടരകോടി രൂപയാണു്. പത്തുമുപ്പതു കോടി രൂപ ബജനാവിലുണ്ടു്. അതിൽനിന്നു ചിലവാക്കിക്കൂടെ? അതു ചെലവാക്കണമെന്നാണു് പറയുന്നതു്. അല്ലാതെ അഞ്ചുപൈസ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിക്കുകയല്ല വേണ്ടത്. തമിഴ്നാട് ഗവൺമെൻറും കർണ്ണാടക ഗവൺമെൻറും ഏറെടുക്കുന്നതൊക്കെ നിങ്ങൾ ഏറെടുക്കുമോ? എന്നാൽ തരക്കേടില്ല. അവിടെ പല സാധനങ്ങൾക്കും നികുതിയില്ല. ശ്രീ. മാണി ബില്ല് പാസ്സാക്കിപ്പോയില്ലേ? നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ ഒക്കെ എടുക്കുക, നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ ഒന്നുമില്ല. ബംഗാളിൻെറ ആവേശം ഉൾക്കൊള്ളുന്നില്ലെന്നാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇടതുപക്ഷത്തിൻെറ മാതൃകാദർശകരായ ജ്യോതിബാസു രേക്കുന്ന ബംഗാളിനോട് മൽസരിക്കാൻ നിങ്ങൾ തയ്യാറുണ്ടോയെന്ന്? ഇതേമാതിരി നിന്നാണ് ശ്രീ. രാഘവൻ ഞങ്ങളോടു ചോദിച്ചത്. ഇപ്പോൾ ഞങ്ങൾ പറയുന്നു, അതേമാതിരി ചെലവാക്കിത്തന്നാൽ മതി. പശ്ചിമ ബംഗാളിൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നില്ല. ഒക്കുമോ ഇവിടെ? 17 കോടി രൂപ ബംഗാൾ ഗവൺമെൻറ് ട്രാൻസ്പോർട്ടു കോർപ്പറേഷന് സബ്സിഡി കൊടുക്കുകയാണ്.

ശ്രീ. പി. ആർ. ശിവൻ: ഇങ്ങനെയൊക്കെ നല്ലകാര്യങ്ങൾ ചെയ്യുന്ന ഗവൺമെൻറിൻെറ നേരെ കേന്ദ്രഗവൺമെൻറ് ഇടപെടാൻ പോകുന്നത് ഹരാമായ കാര്യമല്ലേ?

ശ്രീ. പി. സീതിഹാജി: ശിവൻെറ മകൻ ശ്രീ. ശിവൻ, ശിവൻ പറയുന്നതുപോലെയൊക്കെ നടന്നിട്ട് രാത്രി വല്ല ബലാൽസംഗത്തിനും പോയാൽ ശിക്ഷിക്കേണ്ട എന്നാണോ പറയുന്നത്? നിങ്ങളുടെ ഗവൺമെൻറ് ചെയ്യുന്ന നല്ലകാര്യങ്ങളെയൊക്കെ ഞങ്ങൾ അനുകൂലിക്കാം. ക്ലിയർഫെല്ലിങ്ങിൽനിന്ന് വരുന്ന റവന്യൂ വരുമാനം ഈ കാര്യത്തിന് ചെലവാക്കണം. അല്ലാതെ പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിലേക്ക് ചോകരുത്. പ്രത്യേകിച്ച് കാട്ട സിസ്റ്റത്തിന് നിയന്ത്രണം വേണം. തടി നിയന്ത്രണം കൊണ്ടുവന്നതുകൊണ്ടുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. നിങ്ങളുടെ ഡിപ്പോയിൽ തമിഴ്നാട്ടുകാരനോ കർണ്ണാടകക്കാരനോ വന്ന് ലേലത്തിൽ തടിപിടിച്ചിട്ട് ആ തടി ലോറിയിൽ കൊണ്ടുപോകണമെങ്കിൽ അയാൾ ''പി'' ഫാം കൊടുക്കണം. കേരളത്തിലുള്ള ആളുകൾ മില്ലുകൾക്കുവേണ്ടി തൊഴിലാളികൾക്കുവേണ്ടി ഏതെങ്കിലും സംസ്ഥാനത്തുനിന്ന് തടികൊണ്ടുവന്ന് ഇവിടെ അറുത്താൽ അതിന് ''പി'' ഫാം കൊടുക്കുന്നില്ല. ഇതൊന്നും നോക്കുന്നില്ല. ഈ രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ നിയമം മാറിയിട്ട് കാട്ടമരം നിയന്ത്രിക്കണമെങ്കിൽ വേറെ സംവിധാനം ഉണ്ടാക്കണം. കാട്ട കൊടുക്കരുത്. പി. എ. സി. ഇത് ശുപാർശചെയ്തിട്ടുണ്ട്. അവർ ഓപ്പൺ മാർക്കറ്റിൽപോയി തടിയെടുക്കട്ടെ. അവർക്ക് എന്തെങ്കിലും സബ്സിഡി കൊടുത്തോ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ഫാക്ടറിക്ക് കഴിഞ്ഞകൊല്ലത്തെ വല്ല ബാലൻസ് ഷീറ്റും മുണ്ടോ? അറുപത്തിമൂന്നര ശതമാനമാണ് പ്രോഫിറ്റ്. അതിനാണോ നിങ്ങൾ സബ്സിഡി കൊടുക്കേണ്ടത്. പി. ജി. പുരുഷോത്തമൻ കമ്പനിക്ക് 58 ശതമാനമാണ് ലാഭം. അവർക്കാണോ കൊടുക്കേണ്ടത്? 15,500 ക്യൂബിക് മീറ്റർ തടിയാണ് മഹാരാഷ്ട്രയിൽ നിന്നു വന്ന് തടിമില്ല് സ്ഥാപിച്ച പുരുഷോത്തമൻ കമ്പനിക്ക് നിങ്ങൾ കൊടുക്കുന്നത്. ഈ രാജ്യത്ത് ആരെങ്കിലും പത്ത് റബർ തൈകൾ റീപ്ലാൻറ് ചെയ്യാൻ വേണ്ടി വല്ല കച്ചവടക്കാരനും വിറ്റാൽ അത് കൊണ്ടുപോകാൻവയ്യ. എന്ത് അടിയന്തിരാവസ്ഥയാണ്? ഇതെല്ലാമാണ് ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥ. വേറെ ഒന്നുമില്ല.. നൂറുകണക്കിന് ലോറി തടികൾ

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ട് കെട്ടിക്കിടക്കുന്നു. അറിയാമോ? ഇവിടെയിരുന്ന് പറഞ്ഞാൽ പോര. മിൽപ്പണിക്കാർ, കമാരപ്പണിക്കാർ, മുറിക്കാർ, ലോഡിംഗ്കാർ, തട്ടുകാർ; ഇങ്ങനെ പത്തിരുപത്തയ്യായിരം ആളുകൾ കോഴിക്കോട്ട് സിറ്റിക്കുള്ളിൽ മാത്രമുണ്ട്. അവർ ഇന്ന് പട്ടിണിയിലാണ് ഈ നിയമം കൊണ്ടുവന്നതുകൊണ്ട്. നിങ്ങൾ കാട്ടമരം കൊടുക്കണ്ട. ഫാക്ടറികൾ പൂട്ടിക്കിടക്കട്ടെ. അല്ലെങ്കിൽ സർക്കാർ ഏറ്റെടുത്തോ? ആരെങ്കിലും 7,500 രൂപ കൊടുത്ത് ഒരു പീല്ലിംഗ് മിഷ്യൻ കൊണ്ടുവന്നുവെച്ച് അയ്യായിരം രൂപ സെയിൽസ് ടാക്സ് അടച്ചതിന്റെ സർട്ടിഫിക്കറ്റും കൊണ്ടുവന്നാൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ സ്വാധീനമുണ്ടെങ്കിൽ കാട്ടകിട്ടും. ഇങ്ങനെപോവുകയാണെങ്കിൽ ഇവിടെ പുഴയും മഴയും ഒന്നും കാണുകയില്ല. രാഘവാ.

ശ്രീ. പി. ആർ. ശിവൻ: കാട്ട മുഴുവൻ റദ്ദ് ചെയ്താൽ എന്താണ്?

ശ്രീ. പി. സീതിഹാജി: നല്ലതുതന്നെ.

ശ്രീ. പി. ആർ. ശിവൻ: കാദർകുട്ടിക്ക് പ്രയാസം കാണുകയില്ലേ?

ശ്രീ. പി. സീതിഹാജി: മരം വെട്ടി സെൻട്രൽ ഡിപ്പോയിൽ കൊണ്ടുവന്ന് ലേലത്തിൽ വിൽക്കണം. അവിടെനിന്ന് കിട്ടുന്ന വിലയ്ക്ക് അവൻ പിടിച്ചോട്ടെ. കാദർകുട്ടിയ്ക്ക് ലോകത്തെമ്പാടും കിട്ടും. കർണ്ണാടകത്തിൽ നിന്ന് കൊണ്ടുവരുന്നുണ്ട്. 30 കൊല്ലത്തേയ്ക്ക് കൊടുത്തിട്ടുണ്ട് കാദർകുട്ടിക്ക്. അയാൾ അങ്കമാലിയിൽനിന്ന് കൊണ്ടുവരുന്നുണ്ട്. അയാൾ ലോകത്തിന്റെ പലഭാഗത്തുനിന്നും തടി കൊണ്ടുവരുന്നുണ്ട്. അങ്ങനെയുള്ള വൻകിടമുതലാളിമാർക്ക് വില കുറച്ചുകൊടുത്തിട്ട് കൊട്ടനെയ്യുന്നു, പനമ്പ് നെയ്യുന്ന ആളുകളിൽനിന്ന് പൈസ വാങ്ങിക്കണമെന്നാണോ ഇടതുപക്ഷക്കാരനായ നിങ്ങൾ പറയുന്നത്? കൂപ്പ് ലേലത്തെപ്പറ്റിപ്പറഞ്ഞു ബഹുമാനപ്പെട്ട മന്ത്രി നല്ല ഉദ്ദേശത്തോടുകൂടി ചെയ്തതാണെന്നാണ് എന്റെ അഭിപ്രായം. എന്താണ് ഫലമുണ്ടായത്? നേരിട്ട് ജോലിചെയ്യണമെങ്കിൽ നിങ്ങൾക്ക് ലേബേഴ്സില്ല, ആനയില്ല; ലോറിയില്ല. ഇത് ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്നു. റെയിഞ്ചർമാർ എന്ത് ചെയ്യാനാണ്? പത്തു രൂപ റേട്ടുണ്ടെങ്കിൽ അത് 30 പേരായിട്ട് വീതിച്ചുപോവുകയല്ലാതെ വല്ല ഫലവുമുണ്ടോ? മന്ത്രിയുടെ ഉദ്ദേശം നല്ലതാണ്. വൻകിട കോൺട്രാക്ടർമാരുടെ തട്ടിപ്പ് തടയാനാണ് കൊണ്ടുവന്നത്. പക്ഷെ അതുകൊണ്ട് എത്രമാത്രം വിജയിച്ചു? എത്ര പ്ലാൻറേഷൻ നഷ്ടപ്പെട്ടു? ഒരു കൊല്ലം ക്ലിയർ ഫെല്ലിംഗ് ചെയ്ത സ്ഥലത്ത് ആ കൊല്ലം പ്ലാൻറ് ചെയ്തില്ലെങ്കിൽ അടുത്തകൊല്ലം പ്ലാൻറ് ചെയ്യാൻ എത്ര ലക്ഷം രൂപ ഗവൺമെൻറ് നഷ്ടം സഹിക്കണം? ഇതെല്ലാം പറഞ്ഞാൽ വിരോധം കൊണ്ടാണ് പറയുന്നതെന്ന് പറയും. ശ്രീ. രാഘവന് ഇതൊന്നും അറിയുകയില്ലെങ്കിൽ എന്റെകൂടെ രണ്ടുമാസം ട്രെയിനിംഗിനുവന്നാൽമതി എന്തൊക്കെയാണ് ഫോറസ്റ്റ് എന്ന് ഞാൻ പഠിപ്പിച്ചുതരാം.

ശ്രീ. എം. വി. രാഘവൻ: ഞാൻ മരം കട്ടിട്ടില്ല. മരം കച്ചവടവുമില്ല. പിന്നെ എങ്ങിനെയാണ് ഇതെല്ലാം അറിയുന്നത്?

ശ്രീ. പി. സീതിഹാജി: മരം കക്കണ്ട. പാപ്പിനിശ്ശേരിയുടെ അടുത്താണല്ലോ പ്ലൈവുഡ് ഫാക്ടറി ഉള്ളത്. ഇങ്ങോട്ടുവരുമ്പോൾ ആ പാലത്തിൽനിന്ന് ഒന്ന് നോക്കിയാൽ പോരേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: നമുക്ക് രണ്ടുപേർക്കും കൂടി പോയി നോക്കാം. നിങ്ങളുടെ പാർട്ടിക്കാരനായിരുന്നല്ലോ പണ്ട്.

ശ്രീ. പി. സീതിഹാജി: ഞങ്ങളുടെ പാർട്ടിയായാലും വേണ്ടില്ല. ഞാനായാലും വേണ്ടില്ല, തെറ്റ് ചെയ്താൽ നടപടി സ്വീകരിക്കണം. ഇപ്പോഴും മലപ്പുറം ജില്ലയുടെ ചാർജ്ജും കൂടിയുണ്ട്. അതുകൊണ്ട് സൗകര്യമാണ്. ഞങ്ങൾക്ക് ഒന്നിച്ചുപോയി നോക്കാം. മലപ്പുറം ജില്ലയുടെ മാർക്സിസ്റ്റ് പാർട്ടിയുടെ ചാർജ്ജ് നിങ്ങൾക്കാണെന്നു കേട്ടു. അതു കൊണ്ട് പറഞ്ഞതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആ ഉദ്ദേശത്തോടുകൂടി കൊടുക്കരുത്. ആ ബില്ല് പിൻവലിക്കണം. നമുക്ക് ഒന്നര കോടി രൂപ ലേലത്തിൽ ഉണ്ടാക്കാം. ഓരോ മാസവും ലേലത്തിൽ എത്ര ലക്ഷം രൂപയാണ് കിട്ടുന്നത്? എന്തുമാത്രം വരുമാനമാണ് വനത്തിൽ നിന്ന് കിട്ടുന്നത്? അപ്പോൾ നിങ്ങൾ വിലകുറച്ചുകൊടുക്കുകയാണ്. അതുകൊണ്ട് വില കൂട്ടണം വിലകുറയ്ക്കരുത്. പ്രൈവുഡ് ഫാക്ടറിക്ക് കാട്ട കൊടുക്കരുത്. ഫോറസ്റ്റ് നായാടാൻ കൊടുക്കരുത്. കൊടുത്താൽ പിന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഇതിനു എന്താണ് ബുദ്ധിമുട്ട്? ഏതെങ്കിലും ഫാക്ടറി മുതലാളിക്കാണ് കാട്ട അനുവദിക്കുന്നത്. ഫാക്ടറി മുതലാളി വേറെ ആരെയെങ്കിലുമാണ് നോമിനേറ്റ് ചെയ്ത് പവർ ഓഫ് അറേറാർണികൊടുത്ത് കാട്ടിലേക്കയക്കുന്നത്. ഇവൻ വെട്ടി ഇതെല്ലാം കൊണ്ടുപോയി. ആരുടെ പേരിലാണ് കേസ് എടുക്കുന്നത്? ഫാക്ടറി മുതലാളിക്ക് കഴിവുണ്ടോ? ഫാക്ടറിയെന്നുപറഞ്ഞാൽ മരത്തിൽ നല്ല കാലു നാട്ടിയ ഒരു ഷെഡ്ഡാണ്. 35 ലക്ഷം രൂപ എവിടെനിന്നാണ് നിങ്ങൾ ഈടാക്കാൻ. ഇത് മുറിക്കുമ്പോൾ നിയന്ത്രണം നോക്കിയോ, തട്ടുമ്പോൾ നോക്കിയോ, കൊണ്ടുപോകുമ്പോൾ നോക്കിയോ? മുണ്ടിൽ മടക്കിവെച്ചു കൊണ്ടുപോകാൻ പറ്റുന്ന സാധനമല്ല. തടിയല്ലേ? ലോറിയിൽ കയറ്റിക്കൊണ്ടുപോകണം. ഇത് വലിക്കാൻ ആന വേണം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മരക്കച്ചവടക്കാരുടെ താൽപ്പര്യവും ഫാക്ടറി ഉടമയുടെ താൽപ്പര്യവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് പറയുന്നത് ശരിയാണോ?

ശ്രീ. പി. സീതിഹാജി: അങ്ങിനെയുള്ള യാതൊരു വൈരുദ്ധ്യവുമില്ല. മരക്കച്ചവടക്കാരും മരം കൊണ്ടുക്കൊടുക്കുന്നത് ഫാക്ടറിക്കാർക്കാണ്. ഗവൺമെൻറ് കാട്ട മരം കൊടുക്കുന്നു. 460 രൂപയ്ക്ക് കൊടുക്കുന്നു. അതേസ്ഥാനത്ത് 1,600 രൂപയ്ക്കാണ് കച്ചവടക്കാരൻ വിൽക്കുന്നത്. പക്ഷെ മരം ഉപയോഗിക്കുന്നില്ല. തൊഴിലാളികൾക്ക് ജോലി കിട്ടുന്നില്ല. ഫാക്ടറിക്കാർക്കൊക്കെ നാട്ടിലുള്ള മാവും മറ്റ് വിലകുറഞ്ഞ മരങ്ങളും ഉപയോഗിച്ചാണ് കാട്ട തികയ്ക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇത് വല്ല ദുരുദ്ദേശത്തോടുകൂടി ചെയ്തതാണെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി വളരെ സത്യസന്ധമായി നല്ല കാര്യങ്ങൾക്കുവേണ്ടി കൊണ്ടുവന്നതാണ്. പക്ഷെ അതെല്ലാം ദുരുപയോഗപ്പെടുത്തുകയാണ്. ഈ ഉദ്യോഗസ്ഥൻമാരെ നിലയ്ക്ക് നിർത്തണം. ഈ കാട്ട കൊടുക്കുന്നത് എവിടെയൊക്കെയാണ്. സെക്രട്ടേറിയറ്റ് തൊട്ട് ആ കാട്ടിൽനിൽക്കുന്ന വാച്ചർക്കുവരെ വീതം കൊടുക്കുന്നുണ്ട് ഇവർ. ജനുസ് മാറ്റിക്കൊടുക്കുന്നു ഇവർ. കൽപ്പാൻ എന്നു പറയുന്നത് നല്ല വിലകിട്ടുന്ന മരമാണ്. ഏതെങ്കിലും താണ മരത്തിന്റെ ആറു,രൂപ ഏഴു രൂപ കുറ്റിക്ക് വിലയുള്ള

LIBRARY ARCHIVES Kerala Legislative Assembly

മരം ഇവർക്ക് കൊടുക്കുമോ? ചുരുളി, ഞങ്ങളുടെ നാട്ടിൽ വയനാവി എന്നു പറയും. ഇരുമ്പിനേക്കാളും ഹാർഡായിട്ടുള്ള മരമാണ്. അത് പീലി ങ്ങിന് ഉപയോഗിക്കണമെന്നുപറഞ്ഞാൽ, ഏത് രാജ്യത്താണുള്ളത്? ഇത് ആകെ ടെസ്റ്റ് ചെയ്ത് നോക്കിയത് വെസ്റ്റേൺ ഇന്ത്യ ഫാക്ടറിയിൽ ആണ്. അത് വിജയിച്ചിട്ടില്ല. അതിൽ കൊണ്ടുനിർത്തി. മാർക്കറ്റിൽ നല്ല വില കിട്ടും. ഈ മരമാണ് ഇപ്പോൾ കൊണ്ടുപോകുന്നത്. അഞ്ച് പൈസയുടെ കാര്യമല്ല. ഒന്നര കോടി രൂപയാണ് മന്ത്രി പറയുന്നത്. ഒന്നര കോടി രൂപയിൽ നിൽക്കുകയില്ല. അതുകൊണ്ട് ഇത് പിൻവലി ക്കണം. നിങ്ങൾ ഇപ്പോൾ പ്ലൈവുഡ് ഫാക്ടറികൾക്ക് ഇളവുചെയ്ത് കൊടുത്തത് വർദ്ധിപ്പിച്ച് പാവപ്പെട്ട ദരിദ്രനാരായണൻമാരായ ജനങ്ങളെ രക്ഷിക്കാൻവേണ്ടി ബഹുമാനപ്പെട്ട നല്ലവനായ മന്ത്രി ഈ ബില്ല് പിൻവലി ക്കണമെണ് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനി പ്പിക്കുന്നു.

ശ്രീ. ഇ. രമേശൻ നായർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പി ക്കുകയാണ്.

Sir, I move that the Kerala Forest (Amendment) Bill, 1981 be circulated for eliciting public opinion till 30-8-1981.

1881-ലെ മദ്രാസ് ഫോറസ്റ്റ് ആക്റ്റും 1951-ലെ തിരു-കൊച്ചി ഫോറസ്റ്റ് ആക്റ്റും ഏകീകരിച്ചുകൊണ്ട് 1960-ൽ കേരളാ ഫോറസ്റ്റ് ആക്റ്റ് ഉണ്ടാക്കുകയുണ്ടായി. അതിനുശേഷം അതിന് കാലാകാലങ്ങളിൽ ചില ഭേദഗതികളുണ്ടാക്കിയെങ്കിലും അന്നൊന്നും ഇപ്രകാരമൊരു ടാക്സ് ഉൾപ്പെടുത്തുവാൻ അന്നുള്ള ഗവൺമെൻറുകൾ ആഗ്രഹിച്ചിരുന്നില്ല. അവർ മടയൻമാരായിരുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപോലെതന്നെ ഇവിടെ ടാക്സ് കൊണ്ടുവന്ന ശ്രീ. ആര്യാടൻ മുഹമ്മദ് ബുദ്ധിമാനാണെന്ന അഭിപ്രായവും എനിക്കില്ല.

കണക്കുകൾ പരിശോധിച്ചാൽ വനത്തിന്റെ വിസ്തീർണ്ണം വർഷങ്ങൾ കഴിയുംതോറും കുറഞ്ഞുകുറഞ്ഞുവരുന്നതായി കാണാൻ സാധിക്കും. വനസംരക്ഷണം വളരെ ആവശ്യമായിതീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. അങ്ങനെ വനങ്ങളെ സംരക്ഷിച്ചുകൊണ്ട്, വനത്തിൽനിന്നു കിട്ടുന്ന ഉൽപ്പന്ന ങ്ങൾ ശരിക്ക് വിപണനം ചെയ്യത്തക്കവിധത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കു കയാണെങ്കിൽ 150 ലക്ഷം രൂപയേക്കാൾ എത്രയോ ഇരട്ടി രൂപകിട്ടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ടാക്സേഷനിൽ കൂടിയ ല്ലാതെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുക യാണ്. ഒരാൾക്ക് 10 തടി വെട്ടുന്നതിനുള്ള പെർമിറ്റ് കൊടുത്താൽ അയാൾ അവിടെ നിന്ന് വെട്ടുന്നത് 100 തടിയായിരിക്കും. ഇതിന് കൂട്ടു നിൽക്കുന്നത് ഉദ്യോഗസ്ഥൻമാരായിരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

വനം കയ്യേറ്റം ഇന്ന് നിത്യസംഭവമായി മാറിയിരിക്കുകയാണ്. വനംകൊണ്ട് ധനാഢ്യൻമാരായിത്തീർന്നിട്ടുള്ള അനേകം ആളുകൾ ഇന്നുണ്ട്.

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അഞ്ച് ശതമാനം നികുതി ഏർ പ്പെടുത്തുക എന്നു പറയുമ്പോൾ, അത് സംസ്ഥാനത്തുള്ള എല്ലാവിധ ജന ങ്ങളെയും ബാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ല് അവതരിപ്പിച്ചു കൊണ്ട്, 'കാടല്ലേ, കാടിന്റെ കാര്യം ആരാണ് ശ്രദ്ധിക്കുന്നത്', വെറും

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് ശതമാനം നികുതിയേ നിർദ്ദേശിച്ചിട്ടുള്ളു' എന്നുള്ള മട്ടിൽ പറഞ്ഞുപോവുകയുണ്ടായി. ഇത് സാരമുള്ള ബില്ലാണ്. ഇത് ഈ സംസ്ഥാനത്തിലെ പാവപ്പെട്ടവനെയും സാധാരണക്കാരനെയും ബാധിക്കുന്നതാണ്. ഇന്ന്, സാമ്പത്തിക ശേഷിയുള്ളവർ കുക്കിംഗ് ഗ്യാസും, അതുപോലെതന്നെ ഇലക്ട്രിക് ഹീറ്ററും വച്ച് ആഹാരം പാചകംചെയ്യുമ്പോൾ സാധാരണക്കാർ ആശ്രയിക്കുന്നത് വിറകിനെയാണ്. ഇന്ന് വിറകിന് തീപിടിച്ച വിലയാണ്. ഒരു രൂപയുടെ മരച്ചീനി വേവിച്ചെടുക്കണമെങ്കിൽ ഒന്നര രൂപയുടെ വിറക് വേണം, നമ്മുടെ നാട്ടിലുള്ള ആളുകളെ നമുക്കറിയാം. ഒരു ലിറ്റർ പെട്രോളിന് 10 പൈസ വിലകൂട്ടുമ്പോൾ ടാക്സിചാർജ് ഒരു കിലോമീറ്ററിന് 10 പൈസ കൂടും. അതുപോലെ അഞ്ച് ശതമാനം ടാക്സ് ആക്കുമ്പോൾ, അതിന്റെ ഫലമായി ഇവിടെ ഉണ്ടാകുന്ന തടിയുടെ വിലവർദ്ധനവ് എത്ര ഇരട്ടിയായിരിക്കുമെന്ന് നമ്മൾ ചിന്തിക്കണം. ഒന്നരക്കോടി രൂപ ഗവൺമെന്റിന് ആദായം കിട്ടുമെന്ന് പ്രതീക്ഷിക്കുമ്പോൾ, കച്ചവടക്കാർ അതിൽനിന്ന് ഈടാക്കുന്നത് 10 കോടിയും 20 കോടിയുമായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

'കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാപിടി' എന്ന് പറയുന്നതിനു പകരം, 'കാട്ടിലെ തടി, ജനങ്ങളുടെ പണം, കൊടടാ കൊട' എന്നാണ് വനംവകുപ്പുമന്ത്രി ഈ ടാക്സേഷനിൽകൂടി ജനങ്ങളോട് നിർദ്ദേശിക്കുന്നത്.

അധികനികുതി അടിച്ചേൽപ്പിച്ചിരിക്കുന്നത്, വ്യവസായാവശ്യത്തിനു വേണ്ടി അസംസ്കൃത സാധനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, അതുപോലെതന്നെ അതിന്റെ മൂന്നിലൊന്നുഭാഗം ഫോറസ്റ്റ് റിസർവിനും വേണ്ടിയാണെന്നാണ് 'സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസി'ൽ പറയുന്നത്. ഈ ആവശ്യം ഇന്നുവരെ നടത്തിയിരുന്നില്ലേയെന്നുള്ളത് നാം ചിന്തിക്കേണ്ടതുണ്ട്. ഇത് ഇന്നുവരെ നടന്നുകൊണ്ടിരിക്കുകയായിരുന്നു. നാളെയും നടക്കണമെങ്കിൽ ഞാൻ നേരത്തെ നിർദ്ദേശിച്ചതുപോലെ, വനവിഭവങ്ങൾ നഷ്ടപ്പെടുന്നതിൽ കാര്യമായി ശ്രദ്ധിച്ചാൽ മതിയാകുമെന്നുള്ളതിൽ സംശയമില്ല.

അതുപോലെതന്നെ 10 ലോവർ ഡിവിഷൻ ക്ലാർക്കുമാരെ നിയമിക്കുന്നതിനും 74,700 രൂപ ആണ്ടിൽ മറ്റ് ചെലവുകൾക്കായി വരുമെന്നും ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നു. 10 പേർക്ക് ഉദ്യോഗമുണ്ടാക്കികൊടുക്കുന്നതു നല്ല കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10 പേർക്കെങ്കിലും ഉദ്യോഗം ഉണ്ടാക്കി കൊടുക്കുന്ന ഒരു നല്ലകാര്യം ചെയ്യാൻ തുനിഞ്ഞത് നല്ലതാണെങ്കിലും വ്യവസായപരമായിട്ട് കുറച്ച് തൊഴിൽ ഉണ്ടാക്കികൊടുത്തിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന അഭിപ്രായം എനിക്കുണ്ട്. പാവപ്പെട്ടവനെ പിഴിഞ്ഞ് പണമുണ്ടാക്കേണ്ട ആവശ്യമില്ല. പാവപ്പെട്ടവന്റെ എരിതീയിൽ എണ്ണ ഒഴിക്കുകയാണ്. വനം വകുപ്പിനു ഒരു പ്രത്യേക ടാക്സ് വന്നിരിക്കുന്നു. ഇതുപോലെ മറ്റ് വകുപ്പുകളിലും ടാക്സ് വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. പണമുണ്ടാക്കുന്നതിനു ഇതിനേക്കാൾ നല്ല ഉപാധികളുണ്ട്. ഞാൻ അത് നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നില്ല.

പണ്ട് ഒരു നമ്പൂതിരി തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് ദളവയായി ഇരുന്നുകൊണ്ട് 'അദ്ദേഹത്തിനു അടിയും കൊടുത്ത്, പുളിയും തീറ്റിച്ച് പണവും വാങ്ങിച്ച്'

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന ചരിത്രം ചരിത്ര പുസ്തകങ്ങളിൽ കാണാൻ സാധിക്കും. ഇന്ന് അതുപോലെ മറെറാരു നമ്പൂതിരിയുടെ ശിഷ്യൻമാർ ഇവിടെ നികുതി ചുമത്തി ആളുകളെ ഞെക്കിപ്പിഴിയുന്ന സ്ഥിതി ഉണ്ടായിരിക്കുകയാണ്. അതിനൊരു ഉദാഹരണമാണ് ടാക്സേഷനെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ജോസ്: ഈ ബില്ലിലെ ചില കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അത് പ്രസക്തമായിരിക്കുമെന്ന് എനിക്കു തോന്നുന്നു: പ്രത്യേകിച്ച് സബ്ജക്റ്റ് കമ്മിറ്റിക്ക് അയക്കുമ്പോൾ അതിന്റെ പരിശോധനയ്ക്ക് വേണ്ടിയിട്ടാണ്, ചില കാര്യങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. അതിൽ ഏറ്റവും പ്രധാനമായിട്ട് ഒരു കാര്യം ഭാവികമായി ഇങ്ങനെ ഒരു നികുതിയോടുകൂടി ഈ ബിൽ വരണമോ എന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം, ഇന്നലെ ഇവിടെ ശ്രീ. ജേക്കബ് സൂചിപ്പിച്ച കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് നികുതി പോകേണ്ടതെന്ന്. അതിനുശേഷം അതിൽ പറയുന്നത് സെക്ഷൻ 75 (ബി) യുടെ 2-ം 3-ം 4-ം ഉപവകുപ്പുകളും ഞാൻ വായിക്കുകയാണ്.

(2) The proceeds of the tax levied and collected under section 75 A shall first be credited to the Consolidated Fund of the State and after deducting the expenses for collection as determined by the Government, the remaining amount shall under appropriation duly made by law in this behalf, be entered into and transferred to the Developing Fund.

(3) Any amount transferred to the Development Fund shall be charged on the Consolidated Fund of the State.

(4) No sum shall be paid or applied from and out of the Development Fund except as provided in sub-section (5).

സർ, എനിക്ക് ഒരു സംശയം. കൺസോളിഡേറ്റഡ് ഫണ്ടിൽ പോയി കഴിഞ്ഞാൽ അത് ട്രാൻസ്ഫർ ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ എന്തിനാണ് ചാർജ് ഇടാൻ എന്ന് പറയുന്നത്. അതിന് ഒരു പ്രശ്നം വരുന്നത് ഭരണഘടനയിൽ 246 വകുപ്പ് അനുസരിച്ചാണ് കൺസോളിഡേറഡ് ഫണ്ട് നിർവചിച്ചിട്ടുള്ളത്. ആ കൺസോളിഡേറഡ് ഫണ്ട് നിർവചിച്ചതിനു ശേഷം രണ്ടു തരത്തിൽ അതിനെ വ്യാഖ്യാനിക്കുന്നില്ല. രണ്ടു തരത്തിൽ അതിനെ തരം തിരിച്ചിട്ടുണ്ട്.

(2) All other public moneys received by or on behalf of the Government of India or the Government of a State shall be credited to the public account of India or the public account of the State, as the case may be.

(3) No moneys out of the Consolidated Fund of India or the Consolidated Fund of a State shall be appropriated except in accordance with law and for the purposes and in the manner provided in this constitution:

LIBRARY ARCHIVES Kerala Legislative Assembly

സർ, അങ്ങനെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് എടുക്കുമ്പോൾ നിയമപരമായി നിയമസഭയുടേയോ പാർലമെന്റിന്റേയോ അനുവാദത്തോടുകൂടി അതിനെ അവിടെ ചർച്ച ചെയ്തതിനുശേഷം വേണമെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാകുന്നു. ആ കൺസോളിഡേറ്റഡ് ഫണ്ടിൽ തന്നെ ചാർജ് ചെയ്യുന്ന കാര്യങ്ങൾ ഈ സഭ ചർച്ച ചെയ്തല്ലാതെ മറ്റ് കാര്യങ്ങളൊന്നും നടത്താൻ പാടില്ലെന്നാണ് അതിനെത്തുടർന്നുള്ള ഭേദഗതികളുടെ വകുപ്പുകളിൽ പറയുന്നത്. അപ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്യുന്ന തുക വന്നു കഴിഞ്ഞിട്ട് അതായത് ഗവർണ്ണറുടെ ശമ്പളം, ബഹുമാനപ്പെട്ട സ്പീക്കറുടെ അലവൻസ്, ഹൈക്കോടതി ജഡ്ജിമാരുടെ ശമ്പളം തുടങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ പ്രത്യേകമായി ചാർജ് ചെയ്തിട്ടുള്ള തുക സഭയ്ക്കു ചർച്ച ചെയ്യാൻ പാടില്ലെന്നാണ് പറയുന്നത്. ചർച്ച ചെയ്യാം പക്ഷെ അതിൽ ഭേദഗതി വരുത്താൻ പാടില്ലെന്നാണ് പറയുന്നത്, അതാണോ ഈ നിയമത്തിൽ ഉദ്ദേശിച്ചിരിക്കുന്നതെന്ന് എനിക്ക് സംശയമുണ്ട്. അതാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതിൽ ഭേദഗതി വരുത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം ടാക്സ് കൊണ്ട് ഗവർണ്ണറുടേയും അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിമാരുടേയും അല്ലെങ്കിൽ അതുപോലുള്ള തുകകൾ ചർച്ച ചെയ്യുക അല്ലാതെ മറ്റ് ചില കാര്യങ്ങളിലേയ്ക്കു പോകാൻ പാടില്ലെന്ന് പറയുന്നതിന് പ്രത്യേകമായ പരിശുദ്ധി നാം കണ്ടിട്ടുണ്ട്. രാഷ്ട്രീയ വാദപ്രതിവാദങ്ങളിൽ നിന്നും ആ കാര്യങ്ങൾ ഒഴിവായി നിൽക്കുന്നതിനുവേണ്ടിയാണ് അത് കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്തു കൊണ്ട് ചർച്ച ചെയ്യേണ്ടെന്ന് പറഞ്ഞിട്ടുള്ളത്. നേരെമറിച്ച് ടാക്സ് കൊണ്ട് ഉണ്ടാകുന്ന ഏതെങ്കിലും പണം എടുത്ത് മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്തിട്ട് ഈ സഭ ചർച്ചചെയ്താൽ മാത്രം മതി. അതിൽ മറ്റ് കാര്യങ്ങളൊന്നും തീരുമാനിക്കരുത്, അതിൽ കുറവ് ചെയ്യരുത് എന്നു പറയുന്നത് ഈ സഭയുടെ അധികാരത്തെ ചുരുക്കുന്നതിനും അതുപോലെ തന്നെ ഉദ്യോഗസ്ഥൻമാർക്ക് അതിരുകടന്ന അധികാരങ്ങൾ കൊടുക്കുന്നതിനും ആയിരിക്കും. അതുകൊണ്ട് നിർബന്ധമായും ഈ ബില്ലിൽ ആദ്യമായി സൂചിപ്പിച്ചു. ഇവിടെ പറഞ്ഞ പല വാദമുഖങ്ങളോടും വ്യക്തിപരമായി യോജിക്കുന്ന ഒരാളാണ് ഞാൻ. അതായത് ഈ തുക എന്തിനാണ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പ്രത്യേകമായും മാറ്റുന്നതെന്ന് പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ അനേഷിച്ചതിൽ നിന്ന് മനസിലാക്കുന്നത് കർണ്ണാടകത്തിൽ ഇതുപോലെ ഒരു നിയമമുണ്ട്. ആ നിയമം അങ്ങനെ തന്നെ പകർത്തി വച്ചിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്. കർണ്ണാടകത്തിന് തെറ്റുപറ്റിയതുകൊണ്ട് നമുക്ക് ആ തെറ്റ് ആവർത്തിക്കണമെന്ന് നിർബന്ധമില്ലല്ലോ. അതുകൊണ്ട് ഈ വകുപ്പിനെക്കുറിച്ച് വളരെ വിശദമായി അനേഷിക്കുകയും ആലോചിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതു കൺസോളിഡേറ്റഡ് ഫണ്ടിൽ വരുമ്പോൾ പിന്നെ മറ്റൊരു ചോദ്യം വരുന്നു. ഇത് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് വന്നാൽ അതിന് വേണ്ടി മാത്രം മാറ്റിവയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. സ്വാഭാവികമായി അതിനുവേണ്ടി മാറ്റി വച്ചുകഴിഞ്ഞാൽ ആ തുകയിൽ അങ്ങോട്ടുമിങ്ങോട്ടും ചിലവുകൾ നടക്കുന്നതല്ലാതെ മറ്റ് ഒരു കാര്യവും ഈ സഭയ്ക്ക് ചെയ്യാൻ കഴിയുകയില്ല. അത് മറ്റ് ആവശ്യത്തിലേയ്ക്ക്, ശ്രീ. ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ചു, ആ അപകടത്തിലേക്കുകൂടി നാം പോകുന്നില്ലേ എന്ന് ആലോചിക്കണം. ഇതുപോലുള്ള നികുതി ഭാരങ്ങൾ കൊണ്ടുവരുന്നു എന്ന ഒരു ആരോപണം ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇത് നമ്മുടെ മറ്റു ചില ദുഷ്പ്രവണതകൾക്കുകൂടി കാരണമാകുമെന്നാണ് എന്റെ വിശ്വാസം. പി. ഡബ്ളിയു. ഡി. വകുപ്പിനെക്കുറിച്ചു പറഞ്ഞു. അതുപോലെ ഏതെങ്കിലും വകുപ്പുകൂടി നികുതി ഏർപ്പെടുത്തി കഴിഞ്ഞാൽ, അത് ഇതുപോലെ കൺസോളിഡേറേഡ് ഫണ്ടിലേയ്ക്ക് ചാർജ് ചെയ്തു കഴിഞ്ഞാൽ അതിനും ഈ പറഞ്ഞതുപോലെ സഭയിൽ കൈകാര്യം ചെയ്യുവാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് കൺസോളിഡേറേഡ് ഫണ്ടിലേയ്ക്ക് നികുതി പോകും. പക്ഷേ അത് പ്രത്യേകമായ ഒരു പ്രൊവിഷൻ വച്ചിട്ട് Clause 75B (3) :- Any amount transferred to the Development Fund shall be charged on the Consolidated Fund of the State പറഞ്ഞാൽ ആ ഫണ്ടിൽ ആ തുകയെക്കുറിച്ച്, ആ തുക സബ് ഹെഡ്ഡിംഗിൽ അങ്ങോട്ടുമിങ്ങോട്ടും മാറ്റുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാം എന്നല്ലാതെ മറ്റ് ഒന്നും ചർച്ച ചെയ്യാനോ തീരുമാനം എടുക്കാനോ ഈ സഭയ്ക്ക് അധികാരം ഉണ്ടാവുകയില്ലെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ കാര്യങ്ങളിലേയ്ക്ക് കടക്കാവൂ എന്നാണ് എന്റെ അഭ്യർത്ഥന. മറ്റൊരു കാര്യം ഇവിടെ പറഞ്ഞു. ഇതിന്റെ നിയമത്തിൽ പല കാര്യങ്ങളെക്കുറിച്ചും എനിക്ക് പൂർണ്ണമായി, ഇതിന്റെ വിവരങ്ങൾ മനസിലാകുന്നില്ല ഇവിടെ സെക്ഷൻ 75 (ബി) 5–ന്റെ എ–യിലും ബി–യിലും പറയുന്നത് ഇതിന്റെ 66 2/3 ശതമാനം സോഫ്റ്റ് വുഡിനും ബാക്കിയുള്ള 33 1/3 ശതമാനം റിസർച്ചിനുമാണ് വയ്ക്കുന്നതെന്നാണ്. ഇത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉണ്ടാക്കുന്നതിന്റെ പേരിൽ സോഫ്റ്റ് വുഡിനു മാത്രമായി ഇത് മാറ്റി വയ്ക്കേണ്ട ആവശ്യമെന്താണ്. ഫോറസ്റ്റ് ഡവലപ്പ്മെന്റിനു വേണ്ടിയിട്ടാണെങ്കിൽ ഫോറസ്റ്റിലെ സോഫ്റ്റ് വുഡ് എന്ന് പറയുന്നത്, ഫോറസ്റ്റ് അല്ല. എന്റെ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട സീതിഹാജിയുമെല്ലാം സംസാരിച്ചപ്പോഴും സോഫ്റ്റ് വുഡ് ആണ് ഫോറസ്റ്റ് എന്നുള്ള നിലയിലാണ് എടുത്തിട്ടുള്ളത്. ഞാൻ മനസിലാക്കുന്നത് ഫോറസ്റ്റ് എന്നു പറഞ്ഞാൽ അതിലെല്ലാം ഉപരിയായി വലിയ വനങ്ങളെയാണ് പ്രിസർവ് ചെയ്യേണ്ടത്. ഈ സോഫ്റ്റ് വുഡ് വളരുന്നത് കുറച്ചുകൂടി വനങ്ങളിൽ നിന്ന് തെളിഞ്ഞ വനങ്ങളിലേക്ക്. നീങ്ങുമ്പോഴാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തിരുത്താൻ തയ്യാറാണ്. അപ്പോഴും ഈ സോഫ്റ്റ് വുഡ് വളരുന്നതിനുവേണ്ടി മാത്രവും റിസർച്ചിനുവേണ്ടി മാത്രവുമായിട്ടാണ് ഈ ഫണ്ട് മാറ്റി വച്ചിരിക്കുന്നത്. പ്രസക്തമായ ഒരു ചോദ്യമുണ്ട്. നമ്മുടെ ഫോറസ്റ്റ് ഡെവലപ്പ്മെന്റു കോർപ്പറേഷൻ എന്തു ജോലിയാണ് ചെയ്യുന്നത്. ആ കോർപ്പറേഷന്റെ കീഴിലുള്ള ജോലി തന്നെയല്ലേ ഇവരെ നാം ഏൽപ്പിച്ചു കൊടുക്കുന്നത്. അത് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനുള്ള ജോലിയാണ്. സോഫ്റ്റ് വുഡ് വളർത്തൽ അവർക്ക് ചെയ്യാൻ പാടില്ലേ. അതുപോലെതന്നെ അവർക്ക് ഈ പറഞ്ഞ റിസർച്ച് നടത്താൻ സാധിക്കുകയില്ലേ. ഇപ്പോഴും പീച്ചിയിൽ ഒരു റിസർച്ച് സെന്ററുണ്ട്. ആരുടെ കീഴിലാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആണെങ്കിൽ ആ റിസർച്ച് ഡെവലപ്പ്മെന്റിനു മാറ്റി വയ്ക്കുന്ന പണം ഒഴിച്ചാൽ മറ്റ് കാര്യങ്ങളെല്ലാം തന്നെ ആ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തേണ്ട കാര്യമാണ്. അങ്ങനെ നടത്താൻ കൂടിയിട്ടാണെങ്കിൽ ഇത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനുണ്ടാകുന്ന പണം ആണോ എന്ന് നാം ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ടാക്സേഷനെക്കുറിച്ച് പുതിയ ഒരു കാഴ്ചപ്പാടായിട്ട് സംസാരിക്കുകയല്ല. ഇവിടെ കോർപ്പറേഷൻ ഉണ്ടാക്കുന്നതിനെക്കുറിച്ചും ബോർഡുകൾ ഉണ്ടാക്കുന്നതിനെക്കുറിച്ചും വ്യാപകമായി പലപ്പോഴും പ്രതിപക്ഷത്തു നിന്ന് ആരോപണം വരാറുണ്ട്, ആക്ഷേപങ്ങളും വരാറുണ്ട്. അത് എല്ലാ പ്രതിപക്ഷങ്ങളും പറയാറുള്ളതാണ്. ഇവിടത്തെ പത്രങ്ങളെല്ലാം തന്നെ ആ കാര്യങ്ങളെക്കുറിച്ച് എഴുതാറുണ്ട്. കോർപ്പറേഷൻ ഉണ്ടാക്കുന്നത് പലപ്പോഴും പല ആളുകളേയും പ്രൊവൈഡ് ചെയ്യാനാണെന്ന് പറയാറുണ്ട്. ഇതിനേക്കാളെല്ലാം കടന്ന് അതിന്റെ ഏറ്റവും ശുദ്ധമായ ഉദ്ദേശം, ഏറ്റവും പ്രയോജനപ്രദമായ ഉദ്ദേശം അക്കാര്യത്തിലുള്ളത്, ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിൽ നിന്ന് പണം എടുത്തുകൊണ്ട് കുറെക്കൂടി വ്യാവസായിക അടിസ്ഥാനത്തിലും ലാഭകരമായ രീതിയിലും വ്യാപാര അടിസ്ഥാനത്തിലും കാര്യങ്ങൾ നടത്തുന്നതിനുവേണ്ടിയാണ്. ഇവിടെ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന് പണം കിട്ടും. ബാങ്കുകളിൽ നിന്നും മറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽ നിന്നും പണം കിട്ടാനായിട്ടാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രധാനമായി ഉണ്ടാക്കുന്നത്. കോർപ്പറേഷനുകളും ബോർഡുകളും ഉണ്ടാക്കുന്നത് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കാനും ഗവൺമെന്റിന്റെ മൂലധനമാലകളിൽനിന്ന് വിട്ടുകൊണ്ട് സൗകര്യമായി സാമ്പത്തിക സ്ഥാപനത്തിൽ നിന്ന് പണം എടുത്ത് കുറച്ചുകൂടി കേന്ദ്രീകൃതമായി ആ പ്രത്യേക വിഭാഗത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടിയാണ്. ആ നിലയിൽ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തികസ്ഥാപനങ്ങളിൽ നിന്ന് പണം എടുത്തുകൊണ്ട് ഈ ആക്ടിൽ പറയുന്ന കാര്യങ്ങൾ നടത്താൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അപ്പോൾ ടാക്സേഷൻ കൊണ്ടുമാത്രമല്ലാതെ തന്നെ ഈ കാര്യങ്ങൾ നടത്താവുന്നതാണ്. റൂറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്നും പണം എടുത്ത് ഇവിടെ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നു. അതുകൊണ്ട് റമ്യൂണറേറ്റീവ് സ്കീമുകൾ എടുത്ത് പ്രവർത്തനം നടത്തി അതുകൊണ്ട് ഉണ്ടാകുന്ന ലാഭം കൊണ്ട് കൂടുതൽ നികുതി ചുമത്താതെ പഞ്ചായത്തുകളും നഗരസഭകളും ഇക്കാര്യം നടത്തുന്നത്. പല നഗരസഭകളും അതുകൊണ്ട് രക്ഷപെടുന്നുണ്ട്. ആലുവ നഗരസഭ പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി ഇന്ന് മറ്റ് നികുതികൾ കൂടാതെ തന്നെ അവിടെ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് നഗരസഭയുടെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. അതുപോലെ തന്നെ കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഉണ്ട്. കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും പണം എടുത്ത് ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിർവഹിക്കാൻ കഴിയില്ലേ എന്ന് പരിശോധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്തുതന്നെയായാലും ശരി ഈ പണം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കു പോയാൽ, ബഡ്ജറ്റിലൂടെ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ ബഡ്ജറ്റ് നോംസ് അനുസരിച്ചാണ് അവതരിപ്പിക്കപ്പെടുന്നതെങ്കിൽ അത് ഇതിനുവേണ്ടി മാത്രമായി ഉപയോഗിക്കത്തക്ക രീതിയിൽ തരംതിരിച്ചു വയ്ക്കാൻ കഴിയുമോ? അങ്ങനെ കഴിഞ്ഞാൽ അത് ഏത് രീതിയിലാണ് ഉപയോഗിക്കാൻ കഴിയുന്നത് എന്നുള്ളതിനെക്കുറിച്ചുകൂടിയുള്ള ഗൗരവമായ പ്രശ്നം ഇതിനകത്തുണ്ട്. അത് സബ്ജക്റ്റ് കമ്മിറ്റി ആലോചിക്കുകയും അതിനുവേണ്ട ഭേദഗതി നിർദ്ദേശിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം എനിക്കു പറയാനുള്ളത് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ചാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെപ്പററി പറയുമ്പോൾ the services of ten lower division clerks will be additionally required അതിനുവേണ്ടി 74,700 രൂപ വേണ്ടിവരുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ വകുപ്പിൽ 75 ബി–ൽ (6) ഉപവകുപ്പിൽ പറയുന്നത്.

The Development Fund shall be held and administered on behalf of the Government by an officer not below the rank of Chief Conservator of Forests, subject to such general or special directions as may be given by the Government from time to time. അപ്പോൾ അതിനുവേണ്ടി ഒരു ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സ് ഉണ്ടാക്കണം. ഒന്നുകിൽ ഇപ്പോൾ അതേ റാങ്കിലുള്ള ഏതെങ്കിലും ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സിന്റെ കീഴിൽ ഈ ഫണ്ട് ഓപ്പറേറ്റ് ചെയ്യണം. അല്ലെങ്കിൽ ഒരു പ്രത്യേകമായ ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സിനെ നിയമിക്കണം. അങ്ങനെ ഒരു ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സിനെ നിയമിക്കണമെങ്കിൽ ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള തുക മാത്രം മതിയാകുകയില്ല. അതിനുള്ള പണം കൂടി ഇതിൽ ഉൾപ്പെടുത്തിക്കേണ്ടിവരും എന്നാണ് എനിക്കു പറയുവാനുള്ളത്. ഇപ്പോൾ എത്ര ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സ്മാർ ഉണ്ടെന്ന് എനിക്ക് അറിഞ്ഞുകൂടാ. അവരേക്കാളോ അവരോടൊപ്പമോ സ്റ്റാറ്റസുള്ള ഒരു ചീഫ് കൺസർവേറീവ് ഓഫ് ഫോറസ്റ്റ്സ് ഉണ്ടാകണം. അതിനുകൂടിയുള്ള പണം ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

മറെറാരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത് പൊതുവായി ഇവിടെ പറഞ്ഞതാണ്. ഈ നിയമംകൊണ്ട് പ്രത്യേകിച്ച് ഇതിന്റെ ആദ്യത്തെ വകുപ്പായ 75 (എ) കൊണ്ട് വരുത്തുന്ന ഭേദഗതി ഫോറസ്റ്റ് പ്രൊഡ്യൂസിനെ എല്ലാം ബാധിക്കും. സ്വാഭാവികമായും കുറച്ചു വിലക്കയററം ആ കാര്യംകൊണ്ട് ഉണ്ടാകുമെന്ന കാര്യം തീർച്ചയാണ്. പ്രത്യേകിച്ച് ഗൃഹനിർമ്മാണത്തിന് ഉപയോഗിക്കുന്ന, ഫർണിച്ചറിന് ഉപയോഗിക്കുന്ന തടി കിട്ടുന്നത് മിക്കവാറും കൂപ്പുകളിലെ ലേലം കഴിഞ്ഞതിൽ നിന്നാണ്. അതിന്റെ നിർവചനം നോക്കിയാൽ ഏതുതരത്തിലുള്ള ടിംബറുംപെടും എന്നു മനസിലാകും. ഇന്ന് നമ്മുടെ നാട്ടിലെ ഏറവും വലിയ വ്യവസായം കെട്ടിട നിർമ്മാണമാണ്. കെട്ടിട നിർമ്മാണത്തിന് ഇപ്പോൾതന്നെ ഭാരിച്ച ചെലവ് വരത്തക്ക രീതിയിൽ മരത്തിന്റെ വില കൂടിയിരിക്കുകയാണ്. ഈ അഞ്ചു ശതമാനം നികുതി കൂട്ടുന്നതുകൊണ്ട് ഇനിയും വില കൂടാനാണ് സാദ്ധ്യത. 3,000 രൂപയും 4,000 രൂപയും ഉള്ള താഴ്ന്ന വരുമാനക്കാർക്കുവേണ്ടിയുള്ള വീട് നിർമ്മിക്കുന്നതിന് വളരെ വലിയ തോതിലുള്ള പരിശ്രമം ഈ നാട്ടിൽ നടക്കുകയാണ്. ഹൗസിംഗ് ബോർഡുകളാണെങ്കിലും മറ് വികസന അതോറിട്ടികളാണെങ്കിലും പഞ്ചായത്തുകളും നഗരസഭകളും എല്ലാംതന്നെ ഗൃഹനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു അവസരമാണിത്. അവരുടെ എല്ലാവരുടെയും ബഡ്ജറിൽ ഈ നിയമംകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകും എന്നുള്ള കാര്യം തീർച്ചയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഫണ്ട് ഉണ്ടാക്കുന്നത് നല്ലതാണ്, വനങ്ങളുടെ നശീകരണം തടയേണ്ടത് അത്യാവശ്യമാണ്. കാരണം വനം എങ്ങനെയെല്ലാമാണ് നശിക്കുന്നത് എന്നതിനെക്കുറിച്ച് പരിണതപ്രജ്ഞനായ

LIBRARY ARCHIVES Kerala Legislative Assembly

സീതി ഹാജി വളരെ നല്ല രീതിയിൽ പറയുകയുണ്ടായി. വനം സംരക്ഷിക്കേണ്ടത് ഇന്ന് ഏറ്റവും വലിയ അത്യാവശ്യമായിരിക്കുകയാണ്. അതുകൊണ്ട് ഏന്ത് ഫണ്ട് ഉണ്ടാക്കുന്നതിനും ഞാൻ എതിര് പറയുകയില്ല. പക്ഷെ ഇതിന് ഒരു എക്സംപ്ഷൻ ക്ലാസ് ഉണ്ടായാൽ നന്നായിരുന്നു; എന്നാണ് എനിക്ക് പറയാനുള്ളത്. ഗൃഹോപകരണത്തിനുവേണ്ടി അല്ലെങ്കിൽ വീടുകളുടെ നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കുന്ന തടിക്ക് ഈ നികുതി ഉണ്ടാകാതിരുന്നാൽ നന്നായിരുന്നു. ഒരു ചെറിയ കസേര വാങ്ങുന്ന ഒരാൾക്ക്, ഒരു മേശ വാങ്ങുന്ന ഒരാൾക്ക്—ഗൃഹനിർമ്മാണ സാധനങ്ങളും ഗൃഹോപകരണങ്ങൾക്ക് എല്ലാംതന്നെ തടി ഉപയോഗിക്കുന്ന അവസരമായതുകൊണ്ട് അതിന് എല്ലാത്തിനും ഈ നികുതി വരുമെന്ന സ്ഥിതിവിശേഷം ഉണ്ടാകും. അതും വലിയ ഒരു ഭാരം നമ്മുടെ സാധാരണക്കാരായ ആളുകളുടെ ചുമലിൽ കെട്ടിവയ്ക്കും എന്നുള്ളതുകൊണ്ട് അതിനുപയോഗിക്കുന്ന തടിക്ക് ഒരു എക്സംപ്ഷൻ കൊടുക്കാൻ ഏതെങ്കിലും ഒരു ക്ലാസ് ഇതിൽ എഴുതിച്ചേർക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. സീതി ഹാജി: സർക്കാർ ഡിപ്പോയിൽ പോയി കച്ചവടക്കാരാണ് ഇത് വിളിച്ചുകൊണ്ടു വരുന്നത്. അദ്ദേഹം അതിന് അഞ്ചു ശതമാനം ലെവി അവിടെ കൊടുക്കണം. ആ നിലക്ക് അത് ഇവിടെ കൊണ്ടുവന്ന് എങ്ങനെ എക്സംപ്ഷൻ കൊടുക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റിയുള്ള ഒരു നിർദ്ദേശംകൂടി ബഹുമാനപ്പെട്ട മെമ്പർക്ക് പറയാൻ കഴിയുമോ?

ശ്രീ. എ. സി. ജോസ്: സബ്ജക്ട് കമ്മിറ്റി അതിനാവശ്യമായ നിർദ്ദേശം വയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളത്. സീതി ഹാജിക്ക് അറിയാവുന്നപോലുള്ള മൂലാമാലകൾ ഒന്നും എനിക്ക് അറിഞ്ഞുകൂടാ. വനം കണ്ടിട്ടുള്ളതല്ലാതെ കയറിയിട്ടില്ല. തടി അവിടെനിന്നും ലേലം വിളിക്കുന്നത്.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: നിയമപരമായി അങ്ങനെ എക്സംപ്ഷൻ കൊടുക്കുന്നതുകൊണ്ട് ഈ ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തും. കാരണം അങ്ങനെ എക്സംപ്ഷൻ കൊടുത്താൽ മിസ്യൂസ് ആണ് ഉണ്ടാവുക; അങ്ങനെ ചെയ്യാൻ പാടില്ല ഒരു നിയമത്തിൽ. വീട് നിർമ്മാണത്തിന്റെ ആവശ്യമെന്ന് പറഞ്ഞ് ഒരു പ്രത്യേക വിഭാഗമായി ചേർത്ത് അതിൽ പിന്നെ അതിന്റെ സ്ക്രൂട്ടിണി ഒക്കെ തുടങ്ങും. പിന്നെ എല്ലാ തടി കച്ചവടവും വീട് നിർമ്മാണത്തിനാകും. അതുകൊണ്ട് നിയമംതന്നെ പരാജയപ്പെടും.

ശ്രീ. എ. സി. ജോസ്: ഇവിടെ നടക്കുന്ന എല്ലാ നിയമങ്ങളിലും ഉണ്ട് ഇത്തരം എക്സംപ്ഷൻ ക്ലാസ്. ഇവിടെ മറ്റ് എല്ലാ നിയമങ്ങളിലുംതന്നെ ഏതെങ്കിലും പ്രത്യേക വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്യുന്നതിന് എക്സംപ്ഷൻ ക്ലാസുകൾ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനു അറിയാം എന്നാണ് എന്റെ വിശ്വാസം. പല നിയമങ്ങളിലും കാണിച്ചു കൊടുക്കാം. ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ അത് പരിഗണിക്കേണ്ടതാണ്. അഞ്ചു ശതമാനം സെയിൽസ് ടാക്സ് ചുമത്തുകയാണെങ്കിൽ സ്വാഭാവികമായും ഇവിടെ ഗൃഹനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളേയും ചെറിയ ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

ഫർണിച്ചർ ഉണ്ടാക്കുന്ന ആളുകളേയും ബാധിക്കും. ഇപ്പോൾതന്നെ തടിക്ക് തീ പിടിച്ച വിലയാണ്; തടി കിട്ടാനില്ല. ഈ സാഹചര്യത്തിൽ അഞ്ചു ശതമാനം കൂടി സെയിൽസ് ടാക്സ് കൂട്ടിയാൽ ഇവിടെ വരുന്നത് അതിന്റെ അഞ്ചോ പത്തോ ശതമാനം ഇൻസിഡൻസ് സാധാരണ ആളുകളിലേക്ക് മാറുന്ന സ്ഥിതിയാണ്; നമ്മുടെ ടാക്സേഷൻ എല്ലാം. ആദ്യം ഡിഡക്ടിംഗ് പോയിന്റിൽ അഞ്ചു ശതമാനം കൂട്ടിയാൽ സ്വാഭാവികമായും താഴോട്ട് വന്ന് പതിനഞ്ചു ശതമാനം വരെ എത്തിച്ചേരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ട്. എല്ലാ ടാക്സേഷനും അങ്ങനെയാണ്. ഞാൻ പറഞ്ഞു വന്നത് .....

ശ്രീ. പി. സീതി ഹാജി: ഫർണിച്ചറിന്റെ കാര്യത്തിലെന്നമാതിരി ഈ ദരിദ്രനാരായണന്മാരായ ജനങ്ങളും ഉപയോഗിക്കുന്ന ആയുർവേദ കഷായത്തിനുപയോഗിക്കുന്ന കുറുന്തോട്ടി, അമൽപൊരി മുതലായ സാധനങ്ങളും ഇതിൽനിന്നും ഒഴിവാക്കേണ്ടതല്ലേ?

ശ്രീ. എ. സി. ജോസ്: അങ്ങനെ ഒഴിവാക്കാൻ തുടങ്ങിയാൽ ഇതിൽ ഒന്നും ഒഴിവാക്കാതെയില്ല. ഫോറസ്റ്റിൽ നിന്നായാലും എന്തിൽ നിന്നായാലും ശരി നമ്മളും എല്ലാവരും ഉപയോഗിക്കുന്ന സാധനങ്ങളും തന്നെയാണ് പുറത്തേക്ക് പോകുന്നത്. ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളുമല്ല. ദൈനംദിനം ഉപയോഗിക്കുന്ന സാധനങ്ങളും ഇന്ന് മറ്റ് തരത്തിൽ ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയും ആയതുകൊണ്ടാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ രാജ്യത്ത് ഇന്ന് ഏറ്റവും ലാഭകരമായി നടക്കുന്ന ഒരു വ്യവസായമാണ് ആയുർവേദ വ്യവസായമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. ജോസ്: അത് സമ്മതിക്കാം സർ, ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കുന്നത് ആയുർവേദ വ്യവസായമാണ്. അതുകൊണ്ട് അതിനു കൊടുക്കുന്നത് പത്തു പൈസ കൂട്ടിവച്ചാലും തരക്കേടില്ല. അതിനൊരു വില നിയന്ത്രണംകൂടി ഏർപ്പെടുത്തിയാൽ, അവിടെ കുറുന്തോട്ടി കൊണ്ടുള്ള.....

ശ്രീ. സി. എ. കുര്യൻ: അലോപ്പതിക്കാരുടെ ഒരു കള്ള പ്രചരണമാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. സി. ജോസ്: ഇതുവരെ ശ്രീ. കുര്യന് അലോപ്പതിയെക്കുറിച്ച് അറിയാമെന്നുള്ള കാര്യം എനിക്ക് അറിയാമായിരുന്നില്ല. ഞാൻ ധരിച്ചുവച്ചിരുന്നത് ഓപ്പറേഷനെക്കുറിച്ചു മാത്രമേ അറിയാമായിരുന്നുള്ളൂ എന്നാണ്. വീടുകളുടെ നിർമ്മാണത്തിൽ ഇന്നു വ്യാപകമായി നടക്കുന്ന ഒരു വ്യവസായമാണ് കൺസ്ട്രക്ഷൻ എന്ന് ബഹുമാനപ്പെട്ട ഹൗസിംഗ് മിനിസ്റ്റർ മറുപടി പറഞ്ഞപ്പോൾ പറഞ്ഞതാണ്. അതുകൊണ്ട് അതിന് ഉപയോഗിക്കുന്ന തടി അത് ഏതു രീതിയിൽ ചെയ്യണമെന്നതിനെക്കുറിച്ച് ഒരു എക്സംപ്ഷൻ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽകൂടി സബ്ജക്റ്റ് കമ്മിറ്റി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ കൺസോളിഡേറ്റഡ് ഫണ്ടിന്റെ കാര്യത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തതിനുശേഷം ഒരു തീരുമാനം എടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ നിയമത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri C. A. Kurian: Sir, I move that the Kerala forest (Amendment) Bill, 1981 be circulated for eliciting public opinion till 24th August 1981.

സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്. പക്ഷേ ഇതിനെക്കുറിച്ച് കാര്യമായി ചിന്തിക്കുമ്പോഴും ഇത് പിന്താങ്ങുന്നതിൽ പല ബുദ്ധിമുട്ടുകളുമുണ്ട്. എന്തുകൊണ്ടെന്നാൽ ''കയ്ച്ചിട്ട് ഇറക്കാനും വയ്യാ, മധുരിച്ചിട്ട് തുപ്പാനും വയ്യാ'' എന്ന നിലയിലാണ് ഈ അഞ്ചു ശതമാനം.....

ശ്രീ. ടി. എം. ജേക്കബ്: ഇതിൽ ഒട്ടും മധുരമില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ അവിടെ ഇരിക്കുന്നതും അങ്ങനെതന്നെയാണോ?

ശ്രീ. സി. എ. കുര്യൻ: നമ്മുടെ രാജ്യത്ത് വനത്തിൽ നിന്നുമുള്ള ആദായം, അതിനെക്കുറിച്ച് പരിശോധിക്കാതെതന്നെ അറിയാവുന്നതാണ്. ഈ രാജ്യത്തിലെ സമ്പത്ത്, നമ്മുടെ ബഡ്ജറ്റിന്റെ റവന്യൂ വരുമാനത്തിൽ 41 കോടി രൂപ ഈ വനോൽപാദനത്തിൽനിന്നും കിട്ടുന്നതാണ്. അങ്ങനെ വിലയേറിയ സംഭാവനകൾ നമ്മുടെ ബഡ്ജറ്റിലേയ്ക്ക് നൽകുന്ന ഏരിയയാണ് വനം. എന്നാൽ ഈ നികുതി നിർദ്ദേശം അംഗീകരിച്ചാൽ, നമ്മുടെ സമ്പത്ത് വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നുള്ളത് ഗൗരവമായി ആലോചിക്കണം. സാധനങ്ങളുടെ വില കുതിച്ചുകയറുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായി ജനങ്ങൾക്ക് ജീവിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുകയാണ്.

പാർലമെന്റിൽ നമ്മുടെ ബഹുമാനപ്പെട്ട മെമ്പറൻമാർ പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചത് പാർലമെന്റിനെ മറികടന്നുകൊണ്ടാണെന്നും, പാർലമെന്റിലോ ബഡ്ജറ്റിലോ വിഭാവനം ചെയ്യാത്ത നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരുന്നത് തെറ്റാണെന്ന് നമ്മുടെ പാർലമെന്റിൽ എം. പി. മാർ ശക്തിയായി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. അഞ്ചു ശതമാനം എന്നു പറയുമ്പോൾ കിട്ടുന്നതുകയല്ല, അഞ്ചു ശതമാനം എന്നത് ഏതാണ്ട് രണ്ടു കോടി രൂപയോളമായിരിക്കും. സാധങ്ങളുടെ വില കൂട്ടുന്നതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം 50 കോടിയാണെങ്കിൽ അത് രണ്ടര കോടികൂടി വരുമായിരിക്കും. പക്ഷേ രണ്ടോ രണ്ടരയോ കോടി രൂപ ഈ നികുതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചു കഴിഞ്ഞാൽ, എല്ലാ സാധനങ്ങളുടെയും വില ഒരു ചെറിയ അളവിലെങ്കിലും കൂടുമെന്നുള്ളതാണ് എനിക്കുള്ള ആശങ്ക. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ, ആ ആശങ്ക മാറ്റുന്നതിനു സഹകരിക്കുമെന്നു തോന്നുന്നു. വനോൽപ്പാദനം എന്നു പറയുമ്പോൾ തടി മാത്രമല്ല. ബഹുമാനപ്പെട്ട സീതിഹാജിയും ഞാനും വനത്തിനടുത്ത് താമസിക്കുന്ന ആൾക്കാർ ആയതുകൊണ്ട്. ശ്രീ. സീതിഹാജി പറയുന്നതു കുറെ ശരിയാണ്. ആയുർവേദത്തിന് ആവശ്യമായ മുഴുവൻ പച്ചമരുന്നുകളും വനത്തിൽനിന്നാണ് കിട്ടുന്നത്. തേൻ, വിറക്, ചൂരൽ, ഈറ, മരത്തിന്റെ തൊലി, ഇങ്ങനെ പല സാധനങ്ങളും വനത്തിൽനിന്നും കിട്ടുന്നുണ്ട്. തടി ഒരു ആഡംബര വസ്തുവായിട്ട് ഞാൻ കാണുന്നില്ല. ആർക്കാണു തടി വേണ്ടാത്തത്. ആരു വീടുവച്ചാലും കുറച്ചു തടി വേണം. ഒരു മാടക്കട വച്ചാലും തടി വേണം. പള്ളിക്കൂടത്തിൽ പിള്ളേർക്ക് ഇരിക്കുവാനുള്ള ബെഞ്ച് ഉണ്ടാക്കുന്നതിനും അവർ ഉപയോഗിക്കുന്ന സ്കെയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനും തടി വേണം. എവിടെ നോക്കിയാലും തടി ആവശ്യമാണ്. അതൊരു ആഡംബര വസ്തുവായിട്ട് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതിനോട് ഞാൻ യോജിക്കുന്നില്ല. തടിയുടെ വിലയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയണം. തടിയുടെ വില മനുഷ്യശരീരത്തിൽ വിഷം കയറുന്നതുപോലെ കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ തടിയുടെ വില വളരെ വർദ്ധിച്ചിട്ടുണ്ട്. അതിനുംപുറമേ 5 ശതമാനംകൂടി ടാക്സ് വർദ്ധിപ്പിച്ചാൽ അത് സാധാരണക്കാരന്റെ ജീവിതത്തെ വളരെയധികം ബാധിക്കും. കർഷകത്തൊഴിലാളികൾക്ക് വീടു വച്ചുകൊടുക്കുന്നതിനു ഗവൺമെന്റിനു സ്കീം ഇല്ലേ? റൂറൽ വർക്കേഴ്സിന് വീടു വയ്ക്കുന്നതിനു 4,000 രൂപയുടെ സ്കീം ഉണ്ടല്ലോ? അതിനും തടി വേണ്ടേ? 15,000 വീടുകൾ വച്ചുകൊടുക്കുന്നതിനു ഗവൺമെന്റിന് സ്കീം ഉണ്ട്. അതിന് എവിടെ നിന്നാണ് തടി കിട്ടുന്നത്? രൂപ കൊടുത്താൽ തടി കിട്ടുമോ? അതുകൊണ്ട് ഗവൺമെന്റിന്റെതന്നെ പല വികസന സ്കീമുകളെയും ഇത് എങ്ങനെ ബാധിക്കുമെന്നുള്ളത് ഗൗരവമായി ആലോചിക്കണം. ലക്ഷം വീടു പദ്ധതിയനുസരിച്ച് ഇനിയും ലക്ഷം വീടുകൾ കിട്ടാത്ത ആളുകൾക്ക് വീടു വയ്ക്കാൻ വേണ്ടി തടി കൊടുക്കുവാൻ പോകുകയാണ്. അങ്ങനെ തടി ഒരു ആഡംബര വസ്തുവായി ഈ സഭയിൽ ആരും കരുതുന്നുണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ച് കേരളത്തെ സംബന്ധിച്ചിടത്തോളം ആരും തടി ഒരു ആഡംബരവസ്തു എന്നു കരുതുമെന്നു തോന്നുന്നില്ല. അതുകൊണ്ട് വനത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന തടിയും തേനും ആരാണ് ഉപയോഗിക്കാത്തത്. വണ്ണം കുറയ്ക്കാൻവേണ്ടി ചിലർ തേൻ കഴിക്കാറുണ്ട്. ആയുർവേദ മരുന്നുകൾക്കുവേണ്ടി തേൻ ആവശ്യമാണ്. കൊച്ചുകുട്ടികൾക്ക് തേൻ കൊടുക്കുന്നു. ജനിച്ചു കഴിഞ്ഞാൽ ഉടൻ തേൻ നാക്കിൽ തൊട്ടു കൊടുക്കാറുണ്ട്. അതിനും തേൻ വേണം. അതുപോലെതന്നെ കുന്തിരിക്കത്തിന്റെ കാര്യം. പള്ളിയിൽ പോകുന്നവർക്ക് കുന്തിരിക്കത്തിന്റെ വില അറിയാം. അതുപോലെതന്നെ ബാംബൂ കോർപ്പറേഷൻ എടുക്കാം. ആ കോർപ്പറേഷന്റെ സ്ഥിതി എന്താണ്? അതിനകത്ത് ഇന്ന് ചൂരൽ, ഈറ എന്നിവ വാങ്ങി.....

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. കുര്യൻ കുന്തിരിക്കത്തിന്റെ കാര്യം പറഞ്ഞു. പള്ളിയിലൊക്കെ പോകാറുണ്ടോ?

ശ്രീ. സി. എ. കുര്യൻ: ഞാൻ പല പള്ളികളിലും പോകാറുണ്ട്. ഒരേ പള്ളിയിൽ എന്നു ഇൻസിസ്റ്റ് ചെയ്യാറില്ല. ചൂരൽ അല്ലെങ്കിൽ ഈറ.... ഇതൊക്കെ ധാരണയുടെ പിശകാണെന്ന് തോന്നുന്നു. അത് പറയുന്നതിൽ ക്ഷമിക്കണം. നമ്മുടെ സംസ്ഥാനത്ത് ഹരിജനങ്ങൾക്കുവേണ്ടി മാത്രമുള്ള സഹകരണ സംഘങ്ങളുണ്ട്. കൊട്ട ഉണ്ടാക്കുക, വട്ടി ഉണ്ടാക്കുക, ഇതൊക്കെ സഹകരണ സംഘങ്ങൾവഴി പ്രവർത്തിക്കുന്നുണ്ട്. അതിനകത്ത് ഹരിജനങ്ങളായിട്ടുള്ള മെമ്പറൻമാർ കുട്ട ഉണ്ടാക്കി, വിറ്റ് ജീവിക്കുന്നവരുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ശ്രീ. കുര്യന് അടുത്ത ദിവസം തുടരാം. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1981 ആഗസ്റ്റ് മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ 1-30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly